# HolyKites
# 2020

# ആശംസ




വിദ്യാഭ്യാസം കേവലം പാഠപുസ്തകങ്ങളി നിൽക്കുന്ന ഒന്നല്ല. ആധുനിക വിവരസാങ്കേതിക വിദ്യകളും സോഷ്യൽ മീഡിയയുമെല്ലാം മനുഷ്യന്റെ പ്രവൃത്തികളെയും ജീവിതത്തെയും നിയന്ത്രിക്കുന്ന കാലഘട്ടത്തിലാണിപ്പോൾ. ക്ലാസ്സുമുറികളും പാഠവിനിമയവും പഠനപ്രക്രിയയുമൊക്കെ ഡിജിറ്റൽ യുഗത്തിലേയ്ക്ക് വഴിമാറിയപ്പോൾ കുട്ടികളും അദ്ധ്യാപകരും കാലത്തിനൊത്ത മികവിലേയ്ക്ക് വളരേണ്ടിയിരിക്കുന്നു. കാലാനുസൃതമായി വികസിക്കുന്ന സാങ്കേതികമായ കഴിവുകൾ വളർത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും കുട്ടികളുടെ കംപ്യൂട്ടർ കൂട്ടായ്മയായ നിർവ്വഹിക്കുന്ന പങ്ക് വലുതാണ്. 2018-19 വർഷത്തിൽ പരിശീലനം ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് കംപ്യൂട്ടർ മേഖലയിൽ ആനിമേഷൻ, പ്രോഗ്രാമിംഗ്, മലയാളംഭാഷാ കംപ്യൂട്ടിംഗ്, ഇന്റർനെറ്റ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രാഥമികമായ പരിശീലനം നൽകുന്നു.

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനമേഖലകളിൽ ഒന്നായ ഡിജിറ്റൽ മാഗസിൻ വളരെ മെച്ചപ്പെട്ട നിലയിൽ കഴിഞ്ഞവർഷം തയ്യാറാക്കി പ്രകാശനം ചെയ്തിരുന്നു. ഈ വർഷത്തെ ഡിജിറ്റൽ മാഗസിന് ഹോളികൈറ്റ്സ് 2020 പ്രസിദ്ധീകരിക്കുന്നതിൽ വളരെ അഭിമാനമുണ്ട്. കുട്ടികളുടെ സാഹിത്യവാസനകൾക്ക് പ്രോത്സാഹനം നൽകുന്നതിനൊപ്പം കംപ്യൂട്ടർ മേഖലയിൽ മലയാളം ടൈപ്പിംഗ്, ഫോർമാറ്റിംഗ്, തുടങ്ങിയ മികവുകൾ പ്രദർശിപ്പിക്കുന്നതിനും ഡിജിറ്റൽ മാഗസിനുകൾ മുഖ്യ പങ്കു വഹിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച അദ്ധ്യാപകർക്കും എഡിറ്റോറിയൽ ബോർഡിനും ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് അഭിനന്ദനങ്ങൾ. ഹോളികൈറ്റ്സ് 2020 ന് എല്ലാവിധ ആശംസകളും......

സ്നേഹത്തോടെ

ലില്ലിക്കുട്ടി മാത്യു

മുട്ടുചിറ ഹെഡ്മിസ്ട്രസ്

24/01/2020

# HOLY GHOST B H S MUTTUCHIRA
# LITTLE KITES

## EDITORIAL BOARD





SREEJITH R
CHIEF EDITOR



VARGHEESE PM
KITE MASTER

EDITORS


Sr. BINCYMOL P JOHN
KITE MISTRESS



JOMIN MATHEW



ROHIT KURIAKO SAJU



AMAL SIJO



RINO R



FABIO B

# താളുകൾ മറിയുമ്പോൾ........


| | | പേജ് | | | പേജ് |
|---|---|---|---|---|---|
| 1 | പത്രാധിപക്കുറിപ്പ് | 4 | 30 | General Knowledge | 41 |
| 2 | സ്നേഹപൂർവ്വം | 5 | 31 | പച്ചപനംകിളി | 42 |
| 3 | വാകമരത്തിന്റെ കഥ | 6 | 32 | വാഴഫെസ്റ്റ് | 43 |
| 4 | Little Kites | 7 | 33 | Time is precious | 44 |
| 5 | വായനയുടെ പ്രാധാന്യം | 8 | 34 | സൗഹൃദം | 45 |
| 6 | Influence of social media | 9 | 35 | മഴ | 46 |
| 7 | അദ്ധ്യാനം | 10 | 36 | ചെറുകഥ | 47 |
| 8 | ഒരു സ്നേഹിതൻ | 12 | 37 | ശ്രീനിവാസ രാമാനുജൻ | 48 |
| 9 | ആഗോളതാപനം | 13 | 38 | മദ്യം മനുഷ്യനെ കൊല്ലുന്ന വിഷം | 49 |
| 10 | നിലാവ് | 14 | 39 | കപ്പഫെസ്റ്റ് | 50 |
| 11 | The wolf and the fox | 15 | 40 | കുഞ്ഞുണ്ണിക്കവിത | 53 |
| 12 | ഓർമ്മയിൽ ഒരു ദിവസം | 16 | 41 | ഞാനും ഉണ്ടാക്കി L E D ബൾബ് | 54 |
| 13 | അമ്മ എന്ന സത്യം | 17 | 42 | പ്രാർത്ഥനയുടെ ശക്തി | 55 |
| 14 | മഹദ് വചനങ്ങൾ | 18 | 43 | മഞ്ഞുതുള്ളി | 56 |
| 15 | പ്രകൃതി മലിനീകരണം | 19 | 44 | എന്റെ ഗ്രാമം | 57 |
| 16 | നവോത്ഥാന നായകർ | 21 | 45 | Conserve Natural Energy | 58 |
| 17 | Say no to drugs | 25 | 46 | കാർബൺ | 59 |
| 18 | Computer world | 26 | 47 | ഒ എൻ വി കുറുപ്പ് | 60 |
| 19 | Education | 27 | 48 | പാഥേയം | 62 |
| 20 | പൂക്കൾ | 28 | 49 | കുമാരനാശാൻ | 63 |
| 21 | ഇരപിടിയൻ പക്ഷികൾ | 29 | 50 | പരാജയങ്ങളിൽ ചവിട്ടി ഉയരുക | 66 |
| 22 | അക്ഷയപാത്രം | 32 | 51 | താരകം | 67 |
| 23 | കൂട്ടുകാർ | 33 | 52 | വകൃതിയായ ആനക്കുട്ടി | 68 |
| 24 | പൊതു വിജ്ഞാനം | 34 | 53 | പത്തിലെന്നടിസ്ഥാനം | 69 |
| 25 | സ്കൂൾ അടുക്കളത്തോട്ടം | 35 | 54 | വനഭംഗി | 70 |
| 26 | Mahatma Gandhi | 38 | 55 | ഹരിശ്ചന്ദ്ര | 71 |
| 28 | Arthur Conandoyle | 39 | 56 | നന്ദി | 72 |
| 29 | Emily Dickilson | 40 | | | |



<u>സ്നേഹപൂർവ്വം .....</u>

ഏതൊരു പ്രദേശത്തിന്റെയും സാമൂഹികവും
സംസ്കാരികവുമായ പുരോഗതിക്ക്
അടിസ്ഥാനം അവിടുത്തെ വിദ്യാഭ്യാസ
സ്ഥാപനങ്ങളാണ്.മൂല്യാധിഷ്ഠിതമായ ഒരു
നവലോകത്തിന്റെ നിർമാണത്തിന്
വരുംതലമുറയെ പ്രാപ്തമാക്കുക എന്നലക്ഷ്യത്തോടെയാണ് നമ്മുടെ സ്കൂളുകൾ
പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന മുട്ടുചിറ ഹോളി ഗോസ്റ്റ്
ബോയ്സ് സ്കൂളിന്റെ പ്രധാനാദ്ധ്യാപികയായി സ്തുത്യർഹ
സേവനമനുഷ്ഠിച്ചശേഷം ശ്രീമതി ലില്ലിക്കുട്ടിടീച്ചർ സർവ്വീസിൽനിന്ന്
വിരമിക്കുകയാണ്. സ്കൂളിനോടുള്ള ടീച്ചറിന്റെ കരുതലിനും സ്നേഹത്തിനും
ഹൃദയപൂർവം നന്ദി.... തുടർജീവിതത്തിന് എല്ലാവിധ ആശംസകളും നേരുന്നു.



# പത്രാധിപക്കുറിപ്പ്



മുട്ടുചിറ ഹോളിഗോസ്റ്റ് ബോയ്സ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് കൂട്ടായ്മ രണ്ടാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. കഴിഞ്ഞ വർഷ ലിറ്റിൽ കൈറ്റ്സ് ഉൽപ്പന്നമായ 'ഹോളി കൈറ്റ്സ് ' ഒരു ഉത്തമ സൃഷ്ടിയായിരുന്നു.ഏതൊരു സൃഷ്ടിയുടെയും പിന്നിൽ നിരന്തരമായ അദ്ധ്വാനത്തിന്റെ ചരിത്രമുണ്ട്.ഹോളി ഗോസ്റ്റ് ബി എച്ച് എസ് ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നാളുകൾ നീണ്ട പ്രയ്ത്നഫലമാണ് നമ്മുടെ ഡിജിറ്റൽ മാഗസ്സിൻ-ഹോളി കൈറ്റ്സ് 2020

പങ്കുവെയ്ക്കലുകൾ നമ്മെയും മറ്റുള്ളവരെയും വളർത്തുമെന്ന സത്യം നാം അനുഭവിച്ചറിഞ്ഞ നാളുകളാണിത്. ഓരോരുത്തരും തങ്ങളുടെയുള്ളിൽ വിടർന്ന ഭാവനയ്ക്കനുസൃതം കഥ, കവിത, ഫലിതലോകം, ഉപന്യാസം തുടങ്ങിയ കലാസൃഷ്ടികൾ നെയ്തെടുത്ത് കൂട്ടിച്ചേർത്തപ്പോൾ അതൊരു മനോഹര സൃഷ്ടിയായി. ശ്രമകരമായ ഈ ദൗത്യത്തിന് നേതൃത്വം നൽകിയ ബഹു. വർ ഗ്ഗീസ് സാറിനെയും സിസിമരിയ സിസ്റ്ററിനെയും ഇതിന്റെ അണിയറ പ്രവർ ത്തകരെയും നന്ദിയോടെ ഓർക്കുന്നു.സ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ലില്ലിക്കുട്ടി ടീച്ചറും മറ്റ് അദ്ധ്യാപകരും നൽകിയ പിന്തുണ നന്ദിയോടെ ഓർക്കുന്നു.

സാങ്കേതികതയുടെ വലിയ ലോകത്തിലേയ്ക്ക് ഒന്നു പിച്ചവയ്ക്കാനുള്ള ശ്രമഫലം ഏറെ അഭിമാനത്തോടെ ഏവരുടെയും വായനയ്ക്കും പരിചിന്തനത്തിനും വളർച്ചയ്ക്കുമായി സമർപ്പിക്കുന്നു.


സ്നേഹപൂർവ്വം,

ശ്രീജിത്ത് ആർ

ചീഫ് എഡിറ്റർ

# ഒരു വാകമരത്തിന്റെ കഥ

ശ്രീജിത്ത് ആർ



ബന്ധങ്ങൾ ബന്ധനങ്ങളാകുമ്പോൾ
ചിന്തകൾ കെട്ടുപിണയും
സ്വപ്നങ്ങൾ പെയ്തൊഴിയും
മോഹങ്ങൾ വ്യർത്ഥമാകും
അക്ഷരങ്ങൾ ഒക്കെയും നിശബ്ദമായ
ഓരോ നിലവിളികളായി മാറും
നെഞ്ചോട് ചേർക്കാൻ കൊതിച്ചവയൊക്കെയും
മറവിയുടെ കൂട്ടിൽ ഒളിപ്പിച്ച കഥകൾ
അവയ്ക്ക് പറയാൻ ഉണ്ടാകും
ആ വരികൾ ഒക്കെയും നീ കണ്ടിരുന്നുവോ?????
ഇല്ലല്ലേ.......സാരമില്ല.......
ഇനി ഒരിക്കൽ നീ ചോദിക്കുമ്പോൾ ഞാൻ പറയാം
ഋതുക്കൾ മാറിമറിഞ്ഞിട്ടും ഇലകൾ പൊഴിക്കാതെ
തണലേകുവാൻ കാത്തുനിന്ന
ഒരു വാകമരത്തിന്റെ കഥ



# LITTLE KITES


Since 2018*

Little KITEs' IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'Little KITEs IT Clubs'. Little KITEs is set to become the largest Student IT Network in the Country.


Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs.



# വായനയുടെ പ്രാധാന്യം



അഭിജിത്ത് ജിജി



വായന കടന്നു ചെല്ലാത്ത മനസുകൾ കിണറ്റിൽ വീണ തവളയ്ക്കു തുല്യമാണ്. മനസ്സിന് വെളിച്ചമാകുന്ന വായനകളിലൂടെയാണ് നമ്മുടെ പല മഹാത്മാക്കളും ഉന്നതവിജയം നേടിയെടുത്തത്.അമേരിക്കയിലെ പ്രധാന പദവി അലങ്കരിച്ച എബ്രഹാംലിങ്കണും വായനയിലൂടെയാണ് വളർന്നുവന്നത്.

'വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും.വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും' എന്ന കുഞ്ഞുണ്ണിമാഷിന്റെ വരികൾ നമുക്ക് വായനയുടെ പ്രാധാന്യം മനസിലാക്കിത്തരുന്നതാണ്. മഷി തട്ടിയ ദീപം പോലെ തിളങ്ങുന്ന നമ്മുടെ മനസ്സിനെ കൂടുതൽ പ്രകാശപൂരിതമാക്കാൻ വായന സഹായിക്കുന്നു.

വായനയുടെ ലോകമായിരുന്നു നമുടേത്. എന്നാൽ ഇന്ന് അത് വാട്സാപ്പിലും,ഫേസ്ബുക്കിലുമൊക്കെയായി മാറിവരുന്നു. ഇതുമൂലം വായനതന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു ലോകമാണ് ഇപ്പോഴുള്ളത്.

പൊടിപിടിച്ചു കിടക്കുന്ന നമ്മുടെ മനസ്സിനെ ശുദ്ധമാക്കി അറിവുകൊണ്ട് നിറയ്ക്കാൻ വായനാശീലം നമ്മെ സഹായിക്കുന്നു. അതുകൊണ്ട് വായനാശീലം നമ്മുടെ ദിനചര്യയായി മാറ്റണം. എങ്കിലേ വളയാതെ നേരെ വളരാൻ സാധിക്കൂ.

# INFLUENCE OF SOCIAL MEDIA AMONG STUDENTS



Kebin K Biju



Social media means any human communication or sharing information on internet. It includes computer,tablet or mobile. Social media is one of the largest means of communication. Social media helps to share its idea, news, information and content.

Nowadays, Social media influences the students a lot. It helps the students in their studies and for the communication. In modern life social media is very helpful for the students to an extend. But sometimes it will create some kind of influence among the students. Nowadays many of the students are addicted in games and social networking sites. This will affect their studies.

More influence on social networking sites will reduce the communication among others and also many of the students are wasting their time, because the over use of mobiles. Mostly all students are addicted in the use of mobiles.

Social media are very useful if it uses properly otherwise it will affect the whole life of the people. So we are the ones who took care of using the social media.

# അദ്ധ്വാനം

നിരൺ ടോം തോമസ്



ഒരിക്കൽ ഒരു ഗ്രാമപ്രദേശത്തിൽ ബാദ്‌ല്യ എന്ന പേരുള്ള ചെരുപ്പുകുത്തി ജീവിച്ചിരുന്നു. അദ്ദേഹം എപ്പോഴും സംസാരിച്ചുകൊണ്ടാണ് ജോലിചെയ്തിരുന്നത് അതുകൊണ്ട് തന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കാൻ സാധിച്ചിരുന്നില്ല. ഈ കാരണം കൊണ്ട് അദ്ദേഹത്തിന്റെ കടയിൽ ആളുകൾ ചെരുപ്പ് കൊണ്ടുവരുന്നത് നിർത്തി.



ജോലികഴിഞ്ഞ് തിരിച്ച് വീട്ടിലെത്തിയ ബാദ്‌ല്യ കണ്ട കാഴ്ച എന്താണെന്നോ? തന്റെ അഞ്ച് മക്കൾ ഒരൊറ്റ കീറിയപുതപ്പിൽ ഉറങ്ങുന്നു. ഈ കാഴ്ച്ച കണ്ട് ദേഷ്യവും സങ്കടവും വന്ന ബാദ്‌ല്യ തന്റെ ഭാര്യയോട് ദേഷ്യപ്പെട്ട് എന്താണ് കുട്ടികൾക്ക് നല്ല പുതപ്പ് കൊടുക്കാത്തത് എന്ന് ചോദിച്ചു. അത് കേട്ട ഭാര്യ അത്ഭുതത്തോടെയും ദേഷ്യത്തോടെയും ചോദിച്ചു പുതപ്പൊ? അതും നല്ല പുതപ്പൊ? അതിനുള്ള പൈസ എവിടുന്നാ..... നിങ്ങൾക്ക് കിട്ടുന്ന ജോലിസമയം നന്നായി വിനിയോഗിക്കാതെ സംസാരിച്ചു സമയം കളയുകയല്ലേ? എന്നിട്ട് ഞങ്ങളോട് വഴക്കുണ്ടാക്കുന്നോ?....ആ മേശയിൽ ഒരു റൊട്ടിയിരുപ്പുണ്ട് വേണമെങ്കിൽ അതു തിന്നിട്ട്പോയി ഉറങ്ങ്. ബാദ്‌ല്യ റൊട്ടിതിന്നാതെ പോയി കിടന്നു. അദ്ദേഹം ആലോചിച്ചു...മലമുകളിൽ ഒരു സ്വാമി താമസിക്കുന്നുണ്ട്. അവിടെ ചെന്നാൽ വേണ്ട പരിഹാരം അദ്ദേഹം പറഞ്ഞു തരും. പിറ്റേന്ന് രാവിലെ തന്നെ അദ്ദേഹം സ്വാമിയുടെ വീട്ടിൽ പോയി. എന്നിട്ട് അദ്ദേഹത്തോട് കാര്യം പറഞ്ഞു. സ്വാമി അദ്ദേഹത്തിന് ഒരു കുടം കൊടുത്തു. എന്നിട്ട് മന്ത്രങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ട് പറഞ്ഞു ഈ മന്ത്രം ചൊല്ലി കുടം കമഴ്ത്തിയാൽ 5 സ്വർണ്ണനാണയങ്ങൾ വീഴും . ഒരു കാര്യവും കൂടി സ്വാമി കൂട്ടിച്ചേർത്തു. ഇത്

ആരോടും പറയരുത് .കുടവുമായി ബാദ്‌ലു വീട്ടിലേക്കു പോയി. പോകുന്ന വഴിയിൽ അവൻ കടംകൊടുക്കാനുള്ള ഒരു വലിയ ഹോട്ടൽ കണ്ടു. അവിടെ അദ്ദേഹം പോയി ഉടമസ്ഥനോട് ഉച്ചത്തിൽ പറഞ്ഞു ."എനിക്ക് ഭക്ഷണം വേണം”. അപ്പോൾ കടക്കാരൻ ആക്രോശിച്ചു ഭക്ഷണമോ. കഴിഞ്ഞദിവസം നീ കഴിച്ച ഭക്ഷണത്തിന്റെ കടം തീർത്തിട്ടില്ല. അതുകേട്ട് ബാദ്‌ലു പറഞ്ഞു ഇനി കടം ഓർത്ത് നിങ്ങൾ പരിഭ്രാന്തിപ്പെടേണ്ട. ഇതു പറഞ്ഞിട്ട് സ്വാമി തന്ന കുടം അദ്ദേഹം എടുത്ത് മന്ത്രം ചൊല്ലിയപ്പോൾ 5 സ്വർണ്ണനാണയങ്ങൾ വീണു. ഇതുകണ്ട് ഉടമസ്ഥന് കുടത്തോട് പ്രിയം തോന്നി. ഇത്തിരിനേരം വിശ്രമിച്ചിട്ട് പോകാം എന്ന് ബാദ്‌ലുവിനോട് പറഞ്ഞു .ബാദ്‌ലു സമ്മതിച്ചു. ബാദ്‌ലു ഉറങ്ങിയ സമയം നോക്കി മാന്ത്രികക്കുടം എടുത്തിട്ട് അതേ ആകൃതിയിലുള്ള മറ്റൊരു കുടം കൊണ്ടു വച്ചു. ബാദ്‌ലു എഴുന്നേറ്റ് കുടവുമെടുത്ത് വീട്ടിലേക്കു പോയി. ഭാര്യയെയും മക്കളെയും കുടം കാണിച്ചു .എന്നിട്ട് മന്ത്രം ചൊല്ലി , പക്ഷേ ഫലിച്ചില്ല. അദ്ദേഹം പിറ്റേന്ന് സ്വാമിയുടെ അടുത്ത് പോയി.സ്വാമി ബാദ്‌ലുവിനോട് ആക്രോശിച്ചു. ഞാൻ പറഞ്ഞതല്ലേ? ആരോടും ഇത് പറയരുതെന്ന് ? എന്നിട്ട് നീ പറഞ്ഞു. സ്വാമി ആദ്യം ക്ഷമിച്ചു. എന്നിട്ട് ഒരു പാത്രം നൽകി.ഈ പാത്രമെടുത്ത് മന്ത്രം ചൊല്ലി ഏത് ഭക്ഷണം മനസ്സിൽ വിചാരിച്ചാലും ആ ഭക്ഷണം പാത്രത്തിൽ വരും.എന്നാൽ കുടം കളഞ്ഞതുപോലെ തന്നെ ആ പാത്രവും അദ്ദേഹം കളഞ്ഞു .എന്നിട്ട് പിറ്റേന്ന് സ്വാമിയുടെ അടുത്ത് പോയി. സ്വാമി വീണ്ടും അദ്ദേഹത്തെ വഴക്കു പറഞ്ഞു. ഒരു കയറും വടിയും കൊടുത്തു.എന്നിട്ട് പറഞ്ഞു നീ ആരെ തല്ലണമെന്ന് പറഞ്ഞാലും ഈ കയറ് അവരെ ചുറ്റി കമ്പുകൊണ്ട് അടിക്കും. ഈ രീതി ബാദ്‌ലു ഹോട്ടൽക്കാരനോട് പ്രയോഗിച്ചു. എന്നിട്ട് തന്റെ കുടവും,പാത്രവും തിരിച്ചു മേടിച്ചു. എല്ലാം സ്വാമിയുടെ കൈയിൽ തിരികെ ഏല്പിച്ചിട്ട് പറഞ്ഞു. എന്റെ പ്രശ്നം ഞാൻ എപ്പോഴും സംസാരിക്കുന്നതുകൊണ്ടാണ് എനിക്കെന്റെ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന് എനിക്ക് മനസ്സിലായി . അന്നു മുതൽ അവൻ തന്റെ ജോലി വൃത്തിയായി ചെയ്യുവാൻ തുടങ്ങി. അങ്ങനെ തന്റെ കുടുംബം നന്നായി പോറ്റി

# ഒരു സ്നേഹിതൻ



സോബിൻ ബിനു

ആറു വയസ്സുകാരനാണ് ലോനപ്പൻ.ഓമനത്തമുള്ള മിടുക്കനാണ് അവൻ.എല്ലാവർക്കും അവനെ എന്തിഷ്ടമാണെന്നോ ?

ഒരിക്കൽ അവൻ അമ്മ ശാലിനിയോടൊപ്പം പട്ടണത്തിൽ പോകാൻ ഒരുങ്ങി. മരിയാറാണി ബസ് വന്നു. സീറ്റിലിരിക്കാനുള്ള തത്രപ്പാടിൽ അവൻ ഒരു ചേട്ടന്റെ കാലിൽ ചവിട്ടി. ഉടനെ വലിയ വിഷമത്തോടെ ഇങ്ങനെ പറഞ്ഞു "അറിയാതെ പറ്റിയതാണ് എന്നോട് ക്ഷമിക്കണം".ലോനപ്പന്റെ ക്ഷമാപണം കേട്ടപ്പോൾ യാത്രക്കാരനുണ്ടായ അത്ഭുതവും സന്തോഷവും അവർണ്ണനീയമായിരുന്നു. അവനെ അയാൾ തന്റെ മടിയിലിരുത്തി. എന്നിട്ട് പേരും വീട്ടും സ്ഥലവും ചോദിച്ചു. എല്ലാത്തിനും ലോനപ്പൻ കൃത്യമായ മറുപടി നൽകി.

ഇറങ്ങേണ്ട സ്ഥലമായി. ഇതിനിടയിൽ അവന്റെ എല്ലാ വിശേഷങ്ങളും യാത്രക്കാരൻ ചോദിച്ചറിഞ്ഞു. ബസിൽ നിന്നറങ്ങിയപ്പോൾ താൻ പരിചയപ്പെട്ട യാത്രക്കാരനോട് നന്ദിപറയാൻ അവൻ മറന്നില്ല. പിന്നീടുള്ള എല്ലാ ജന്മദിനത്തിലും ലോനപ്പനെ തേടി ഒരു സ്നേഹസമ്മാനവും ജന്മദിനാശംസയും എത്തുമായിരുന്നു. ബസിലെ യാത്രക്കാരൻ എന്നൊരു അഡ്രസ്സ് മാത്രമേ അതിൽ ഉണ്ടായിരുന്നുള്ളൂ. പലവട്ടം ലോനപ്പൻ അദ്ദേഹത്തെ അന്വേഷിച്ചിറങ്ങി. പക്ഷേ കണ്ടെത്താനായില്ല. കാലം മുന്നോട്ടു നീങ്ങി. ഒരു ശീതകാലം. കൽക്കരി കത്തിച്ച് തീയുണ്ടാക്കിയാണ് അവൻ തണുപ്പിൽനിന്ന് രക്ഷനേടിയിരുന്നത്. പക്ഷ ഇത്തവണ തണുപ്പ് കഠിനമാണ്. കൂടാതെ കൽക്കരിക്ക് ക്ഷാമവും. ലോനപ്പൻ ശേഖരിച്ചുവെച്ച കൽ ക്കരിയെല്ലാം തീർന്നു. അവന്റെ അമ്മ ശാലിനി തണുത്ത് വിറച്ച് മരണത്തോട് മല്ലിടുകയാണ്. ലോനപ്പൻ പല സ്ഥലത്തും കൽക്കരി അന്വേഷിച്ച് നടന്നു. പക്ഷേ എങ്ങും കൽക്കരി ഇല്ല. അവനാകെ വിഷമത്തിലായി. അങ്ങനെയിരിക്കെ ഒരു വലിയ ലോറി അവന്റെ വീട്ടുമുറ്റത്ത് വന്നു നിന്നു. കൽക്കരി നിറച്ച ചാക്കുകൾ ഓരോന്നായി മുറ്റത്തേക്കു വീണു. എന്താണിത്.....?ആർ ക്കാണിത്.....?സംഭ്രമത്തോടെ ലോനപ്പൻ നോക്കി. നിങ്ങളാണോ ലോനപ്പൻ ? ലോറി ഡ്രൈവർ ജോയി അന്വേഷിച്ചു. അതെ അതു ഞാൻ തന്നെയാണ്. ലോനപ്പൻ മറുപടി പറഞ്ഞു. ഈ കൽ ക്കരി മുഴുവൻ നിങ്ങൾക്കുള്ളതാണ്. ബസിലെ സ്നേഹിതൻ തന്നതാണ് എന്നു പറയാൻ പറഞ്ഞു.ഇത്രയും പറഞ്ഞ് കൽക്കരിയിറക്കി അയാൾ മടങ്ങി.

സ്നേഹത്തിന്റെ ക്ഷമയുടെയും ചെറിയ ഇടപെടലുകൾ പിന്നീട് നന്മയായും സ്നേഹമായും ആവശ്യസമയത്ത് ഉപകാരവുമാവുമെന്ന് ലോനപ്പന് മനസ്സിലായി.

# ആഗോളതാപനം



നെയ്ജിൻ എം ഷിജി

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ലോകം നേരിടുന്ന,സകലജീവജാലങ്ങൾക്കും ഭീഷണിയായിരിക്കുന്ന ഒന്നാണ് ആഗോളതാപനം. വലിയ വലിയ സാമ്പത്തികരാജ്യങ്ങൾപോലും ഇന്ന് ഈ പ്രതിഭാസത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അമേരിക്കയും യൂറോപ്പുമൊക്കെ ഈ പ്രതിഭാസം അതിജീവിക്കാൻ ഇന്ന് വളരെയധികം കഷ്ടപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. ആഗോളതാപനം ഇന്ന് വളർന്ന് വളർന്ന് ഈ ലോകം മുഴുവനും ഭീഷണിയായിരിക്കുന്ന ഒന്നായിമാറിയിരിക്കുന്നു. ഇന്ന് നാം അനുഭവിക്കുന്ന ഈ ദുരന്തപ്രതിഭാസത്തിന് കാരണം നാം തന്നെയാണ്. നമ്മുടെ പ്രവൃത്തികൾ നാം വസിക്കുന്ന,നമ്മുടെ വാസസ്ഥലമായ ഈ ഭൂമിയെ നശിപ്പിക്കുന്നതാണ്.മലകളും കുന്നുകളും ഇടിച്ചുനിരത്തിയും വയലുകളും നദീതടങ്ങളും മണ്ണിട്ടുനികത്തിയും നാം കാണിക്കുന്നത്,ദയാനിരതമായ നമ്മുടെ തന്നെ സ്വഭാവവൈകല്യത്തെയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ഈ പ്രപഞ്ചത്തെ സംരക്ഷിക്കാനും അതിലെ ജീവജാലങ്ങളെയെല്ലാം പരിപാലിക്കാനുമാണ്.പണ്ടുകാലങ്ങളിൽ നമ്മുടെ പൂർവ്വികർ പ്രകൃതിയെ തങ്ങളുടെ യഥാർത്ഥ വാസസ്ഥലമായിക്കണ്ട് സ്നേഹിച്ചിരുന്നു.എന്നാൽ ഇന്നത്തെ തലമുറ തങ്ങളുടെ പണക്കൊതികൊണ്ടും അഹന്തകൊണ്ടും എല്ലാം വെട്ടിപ്പിടിക്കാനുള്ള ശ്രമത്തിനിടയിൽ ഈ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മരങ്ങളെ വെട്ടിനശിപ്പിക്കുന്നതാണ് ആഗോളതാപനത്തിനുള്ള കാരണം. അതിനാൽ ഇനിയുള്ള മരങ്ങളെയെങ്കിലും നമുക്ക് നശിപ്പിക്കാതിരിക്കാം. അങ്ങനെ പ്രകൃതിയെയും അതിലെ ജീവജാലങ്ങളെയും നമുക്ക് സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യാം.

# നിലാവ്



എഡ്വിൻ പി ജെ

നറുചിരി വിതറാൻ

ചിരിയൊളി പകരാൻ

വിരുന്നെത്തിയിന്നും

വിണ്ണിൽ നിന്നീ വെണ്ണിലാവ്(2)



ഇരവിന്നിരുളിൽ

വഴിയേതെന്നറിയാതുഴലും

നേരത്തെൻ ചാരത്തായണയും

സഖിയേ.....സഖിയേ (നറുചിരി)

മണ്ണിന്നിരുളകലാൻ,കണ്ണിൽ

കാഴ്ചകൾ തെളിയാൻ(2)

കനവിൽ നിറയും നിനവിൽ

കുളിരും കൂട്ടായണയും

നിലാ ഉവലഴകേ....

നിറനിലാ കടവുമായെന്നുമെൻ

അരികിലണയുമോ സഖിയേ....

***ഫലിതരസം***

**സാർ :സോമ ഒരു പൂർവപിതാവിന്റെ പേര് പറയൂ**

**സോമൻ :ബെന്നി**

**സാർ :ബെന്നിയോ**

**സോമൻ : പൂർവപിതാവാം അബ്രാഹം ഇസഹാക്ക് യാക്കോ"ബെന്നി"വർ ഇതിലെ ബന്നി**

**സാർ :എന്റെ സോമാാ**

# THE WOLF AND THE FOX






NIKHIL.K.GEORGE


One day, a fisherman was fishing in the river . Then a fox saw this and he had a great idea and at the bank of the river and layed there and pretended to be dead. The fisherman saw this and he think that he can sell the fox and make some money. He put the fox into the fish bag and after some time the fox ate the fish and jumped out of the bag. The fox was happy and tolled the wolf and he tried to do the same and the fisherman saw the wolf and the wolf was very heavy and the fisherman can't lift the wolf into the bag

and he thought that he can pull the wolf behind the cart. The wolf was fooled and he was killed and his fur was taken by the fisherman.



# എന്റെ ഓർമ്മയിലെ ഒരു ദിവസം






എബിൻ അനീഷ്

ഞാൻ ഒരു ദിവസം ചന്തയിൽ പോകുകയായിരുന്നു. നല്ല മഴയുള്ള ദിവസം . ഞാൻ ചന്തയിൽ എത്തി സാധനങ്ങൾ വാങ്ങിച്ചു തിരികെ പോന്നു. പോരുന്ന വഴിക്ക് എവിടെ നിന്നോ ഒരു കരച്ചിൽ കേട്ടു. ഞാൻ ചുറ്റും നോക്കി. ആരേയും കാണുന്നില്ല. പക്ഷേ കരച്ചിൽ നിൽക്കുന്നില്ല. ദീനമായ കരച്ചിൽ കേട്ടിട്ടു എനിക്കു അതു എവിടെ നിന്നാണെന്നു അറിയാനുള്ള ആഗ്രഹം തോന്നി.ഞാൻ കരച്ചിൽ കേട്ട ദിശയിലേക്ക് നടന്നു. റോഡരികിൽ ഉണ്ടായിരുന്ന ഓടയിൽ പ്രായമായ ഒരു മനുഷ്യനിരുന്നു കരയുകയായിരുന്നു. അവശനായ ആ മനുഷ്യനെ ആ നിലയിൽ ഉപേക്ഷിച്ചു പോകുവാൻ മനസ്സു വന്നില്ല. അദ്ദേഹത്തെ ഓടയിൽ നിന്നു കയറ്റി, കൈ പിടിച്ചു ഞാൻ നടന്നു. ഞാൻ എന്റെ വീട്ടിൽ എത്തി.ആ സമയം അദ്ദേഹം വീണ്ടും തെരുവിലേക്ക് പോകുന്നു.പക്ഷേ അദ്ദേഹത്തെ അതിന് ഞാൻ സമ്മതിക്കാതെ വൃദ്ധസദനത്തിൽ കൊണ്ടുപോയി ആക്കി. ഇന്നത്തെ ഈ ദിവസം എനിക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു ദിവസമാണ്.



ഫാമിലി ഓഫ് മഡോണ (പാവോലൊ വെറൊനെസെയുടെ വിശ്വപ്രസിദ്ധ പെയിന്റിംഗ്)



മുഹമ്മദ് ഷമ്മാസ്

## അമ്മ എന്ന സത്യം

അമ്മ എന്ന രണ്ടക്ഷരത്തിലുണ്ട്
ഒരായിരം സത്യങ്ങൾ
ഒരായിരം നൊമ്പരങ്ങൾ
ഒരായിരം വാത്സല്യങ്ങൾ
സത്യതിന്മകൾ പറഞ്ഞുതന്നത്
വേദനകൾ എന്തെന്ന് പറഞ്ഞുതന്നത്
കാണിച്ചുതന്നത്
സ്നേഹം എന്നത് പഠിപ്പിച്ചുതന്നത്
അതാണ് അമ്മ എന്ന സത്യം
പേറ്റുനോവറിഞ്ഞ എന്നമ്മ
എനിക്ക് ജന്മം തന്ന
അതിലേറെ നോവ് അറിഞ്ഞ്
എന്നമ്മ എന്നെ പോറ്റീടുന്നു



## ഫ്രണ്ട്സ്

എൻെറകണ്ണ നിറയുമ്പോഴും എൻെറ മനസ്സ് ഉരുകുമ്പോഴും ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു എൻെറ അരികിൽ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ. മുകളിലേക്ക് നോക്കുമ്പോൾ സൂര്യൻ കണ്ണിറുക്്ികയും മഴ കണ്ണ നനച്ചും കാലം കടന്നുപോയി.ഒടുവിൽ ഒരു മഴവില്ലിനെ ഏഴുനിറങ്ങളിൽ എൻെറ ജീവിതത്തിലേക്ക് കടന്നുവന്നു.

ആ എഴ അക്ഷരങ്ങൾ F R I E N D S എൻറെ ഫ്രണ്ട്സ് ഞാൻ വിഷമിക്കുമ്പോൾ "സാരമില്ല അടുത്തതവണ പിടിക്കാം" എന്ന് പറഞ്ഞു എന്നെ ആശ്വസിപ്പിക്കുന്നവർ അവരാണ് എൻറെ ഫ്രണ്ട്, ചങ്ക്സ്

# മഹദ് വചനങ്ങൾ

*നല്ലവനായിരിക്കു,നിങ്ങൾക്കു സന്തോഷമുണ്ടായിരിക്കും.

- ബെഞ്ചമിൻ ഫ്രാങ്ക്ളിൻ

*പ്രകൃതിയിൽനിന്നും ലഭിക്കുന്ന പരിശീലനമാണു ശരിയായ വിദ്യാഭ്യാസം.

- പാണിനി

*വ്യക്തികൾ നന്നാകുമ്പേൾ കുടുംബവും, കുടുംബം നന്നാകുമ്പോൾ സമൂഹവും, സമൂഹം നന്നാകുമ്പോൾ രാജ്യവും, രാജ്യങ്ങൾ നന്നാകുമ്പോൾ ലോകവും നന്നാകുന്നു. -എ.പി.ജെ.അബ്ദുൾ കലാം

വിനയമാണ് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ഫലം -ഡോ രാധാകൃഷ്ണൻ

പ്രഭാതത്തിന്റെ താക്കോലും പ്രദോഷത്തിന്റെ ഓടാമ്പലുമാണ് -ബൈബിൾ

വേദനയും അദ്ധ്വാനവും കൂടാതെ വിലപ്പെട്ടതൊന്നും നേടാനാവില്ല

-എഡിസൺ

ഞാൻ ഞാനാകുന്നത് മറ്റുള്ളവരെ സ്നേഹിക്കുമ്പോഴാണ് -

ശ്രീനാരായണഗുരു

ദൃഢനിശ്ചയം മഹാകാര്യങ്ങളിൽ മാതാവാണ്

-നെപ്പോളിയൻ

പ്രയത്നംകൊണ്ടും പരിശീലനംകൊണ്ടും മാത്രമേ വിജയം നേടാനാകൂ -

ഗിബർ

അറിവു നേടുക എന്തെന്നാൽ അത് സ്വർണ്ണത്തേക്കാൾ വിലയുള്ളതാണ്

-ബൈബിൾ

ജനനം കൊണ്ടർല്ല പഠനംകൊണ്ടാണ് കൂടുതൽ ആളുകളും ശ്രേഷ്ഠത ആർജ്ജിച്ചിട്ടുള്ളത്

-സിസറോ

* "സമയവും ആരോഗ്യവും ഏറ്റവും വിലപിടിച്ച സമ്പത്താണ്.പക്ഷേ, അവ നഷ്ടപ്പെടുന്നതുവരെ അവയുടെ മൂല്യം തിരിച്ചറിയാറില്ല"

-വില്ലി നെൽസൺ

* "തനിക്കെതിരെ മറ്റുള്ളവർ എറിഞ്ഞ കല്ലുകൾ പെറുക്കി ശക്തമായ അടിത്തറ തീർക്കുന്നവനാണ് യതാർത്ഥ മനുഷ്യൻ"

-ഡേവിഡ് ബ്രിങ്കിലി

# പ്രകൃതി മലിനീകരണം



ശാസ്ത്രത്തിൻറെ മുന്നോട്ടുള്ള കുതിപ്പ് നമ്മുടെ ജീവിത സൗകര്യങ്ങൾ ഏറെ മെച്ചപ്പെടുത്തി. മാനുഷിക അധ്വാനം ലഘൂകരിക്കുന്ന യന്ത്ര സംവിധാനങ്ങൾ, നൂതനങ്ങളായ വാർത്താവിനിമയ ഉപാധികൾ, വിനോദമാർഗങ്ങൾ ഇവയെല്ലാം മനുഷ്യജീവിതത്തിൻറെ മുഖച്ഛായ മാറ്റിമറിച്ചിരുന്നു. എന്നാൽ വികസനത്തിനായുള്ള വ്യഗ്രതയിൽ തന്റെ ചുറ്റുപാടുകൾ നശിക്കുന്നതും ജീവവായു കളങ്കമാകുന്നതും അത് മൂലം ഭൂമിയിലെ നിലനിൽപ്പ് പോലും അപകടത്തിലാകുന്നതും അവനറിയുന്നില്ല.

വ്യവസായവൽക്കരണവും നഗരവൽക്കരണവും ആധുനിക ജീവിതത്തിനു അനുഗ്രഹമാകുമ്പോൾ അതിൻ റെ ഉപോൽപ്പന്നങ്ങൾ മനുഷ്യൻറെയും മറ്റ് സസ്യജന്തുജാലങ്ങളുടെയും നിലനിൽപ്പിനു ഭീഷണിയാവുന്നു. വ്യവസായവൽക്കരണം പുരോഗതിയുടെ നാഴികക്കല്ലായെങ്കിൽ അതിൻറെ ഫലമായുണ്ടാകുന്ന മലിനീകരണം പ്രകൃതിയുടെ സ്വച്ഛതയെ കാർന്നു തിന്നുന്നതാണ്. പരിസ്ഥിതി ഏതെങ്കിലും കാരണത്താൽ വിശേഷിച്ച് മനുഷ്യൻറെ ഇടപെടലുകളിലൂടെ ദൂഷിതമാവുകയോ അതുവഴി പരിസ്ഥിതിയുടെ സ്വാഭാവികതയ്ക്ക് കോട്ടം തട്ടുകയോ ചെയ്യുന്നതിനെയാണ് മലിനീകരണം എന്നുപറയുന്നത്.

പ്രകൃതിയിലെ വ്യത്യസ്ത തലങ്ങളിൽ മനുഷ്യൻ അവൻറെ നിത്യജീവിതത്തിൻറെ ഭാഗമായി ഇടപെടുന്നതായി കാണാം. ഇത്തരം പ്രവൃത്തികളുടെ അനന്തരഫലമെന്നോണം പ്രകൃതിജന്യമായ പദാർത്ഥങ്ങളുടെ അളവുകളിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കുകയും ചെയ്യുന്നു. ക്രമേണ ഇത്തരം പദാർത്ഥങ്ങളെ മലിനീകാരികൾ എന്നാണ് വിളിക്കുന്നത്. മലിനീകരണം സൃഷ്ടിക്കുന്നതെന്താണോ അതാണ് മലിനീകാരി എന്ന് ചുരുക്കിപ്പറയാം.

വായു, ജലം, മണ്ണ്, പ്രകാശം തുടങ്ങി പരിസ്ഥിതിയുടെ എല്ലാ ഘടകങ്ങളും കാലദേശഭേദമന്യേ മലിനമാക്കപ്പെടുന്നുണ്ട്.

ജൈവമണ്ഡലത്തെ മുഴുവൻ വിഷലിപ്തമാക്കുന്ന മലിനീകരണ പ്രവർത്തനങ്ങൾ


ജൈവമണ്ഡലത്തിലെ ജീവീയ ഘടകങ്ങളും അജീവീയ ഘടകങ്ങളും അദൃശ്യമായ രീതിയിൽ പരസ്പരം ഒത്തുചേർന്നു സന്തുലിതാവസ്ഥയിൽ നിലകൊള്ളുന്നു. ഇവയിൽ ഏതെങ്കിലും ഒന്നില്ലാതെ മറ്റൊന്നിനു നിലനിൽപ്പില്ല. എന്നാൽ ആവാസവ്യവസ്ഥയിലെ അനേകം ജീവരൂപങ്ങളിൽ ഒന്നു മാത്രമായ മനുഷ്യൻറെ അശ്രദ്ധയോ സ്വാർത്ഥതയോനിറഞ്ഞ പ്രവൃത്തികളും ഇടപെടലുകളും വഴി പ്രകൃതിയുടെ ഈ സന്തുലിതാവസ്ഥയിൽ താളപ്പിഴകൾ സംഭവിക്കുന്നു. ശാസ്ത്ര-സാങ്കേതിക രംഗത്തുണ്ടായ പുരോഗതിയുപയോഗിച്ച ജീവിതസൗകര്യങ്ങൾ വർധിപ്പിക്കാൻ പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന ഇടപെടലുകൾ പരിസ്ഥിതിയുടെ സ്വാഭാവികത നഷ്ടപ്പെടുന്നതിനും അതുവഴി പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുകയാണ്.



പരിസ്ഥിതിയുടെ സംരക്ഷണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗൗരവമായി കണക്കിലെടുക്കേണ്ട. ഒരു വസ്തുതയായി അവശേഷിക്കുന്നു. ഉഷ്ണമേഖലാ പ്രദേശത്തെ മഴക്കാടുകൾ വനനശീകരണത്തിലൂടെ വൻതോതിൽ അപ്രത്യക്ഷമായതായി ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നു. മഴക്കാടുകൾ അപ്രത്യക്ഷമായതിനു പുറമേ ഈ പ്രദേശങ്ങളിൽ കണ്ടുവരുന്ന പ്രത്യേകതരം ജന്തുക്കളും സസ്യങ്ങളും ഈ ഭൂമുഖത്തുനിന്നും തുടച്ചുമാറ്റപ്പെട്ടു കഴിഞ്ഞു.



# ഇന്ത്യയിലെ നവോത്ഥാന നായകന്മാർ




## *രാജാറാം മോഹൻ റോയ്

ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്.

ഇന്ത്യയിൽ ആധുനിക യുഗത്തിന് തുടക്കം കുറിച്ച വ്യക്തി.ഇന്ത്യയിൽ നിലനിന്നിരുന്ന അനാചാരങ്ങളായ സതി,ബഹുദൈവാരാധന,ബിംബാരാധന,ജാതി വ്യവസ്ഥ,മൃഗബലി തുടങ്ങിയവയ്ക്കെതിരെ ശക്തമായി പോരാടി.തന്റെ ആശയങ്ങളുടെ പ്രചരണത്തിനായി ബ്രഹ്മസമാജം എന്ന സംഘടന സ്ഥാപിച്ചു.



## *ജ്യോതിറാവു ഫൂലെ

ഇന്ത്യയിലെ ജാതിവിരുദ്ധ പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായി അറിയപ്പെടുന്നു.സ്ത്രീവിദ്യാഭ്യാസത്തിന് മുൻഗണന നൽകി. അദ്ദേഹത്തിന്റെ പ്രസിദ്ധകൃതിയാണ് 'ഗുലാംഗിരി'. ഇന്ത്യയിലെ സാമൂഹിക വിപ്ലവത്തിന്റെ പിതാവ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു.വിധവാ വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ജാതിവ്യവസ്ഥയെ എതിർക്കുകയും ചെയ്തു ജ്യോതിറാവു ഫൂലെ തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി 'സത്യശോധക് സമാജ്' എന്ന സംഘടന സ്ഥാപിച്ചു.



## *സ്വാമി വിവേകാനന്ദൻ


ഹിന്ദുമതത്തിലെ തിന്മകൾക്കെതിരെ പോരാടിയ വ്യക്തി.ഗുരുവായ ശ്രീരാമകൃഷ്ണ പരമഹംസരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി സ്ഥാപിച്ച സംഘടനയാണ് രാമകൃഷ്ണ മിഷൻ.സ്ത്രീ വിദ്യാഭ്യാസം,വിശ്വ സാഹോദര്യം എന്നിവയ്ക്ക് ഊന്നൽ നൽകിയ വ്യക്തി. 'ഉത്തിഷ്ഠത, ജാഗ്രത ' എന്ന ഉപനിഷത്ത് മന്ത്രത്തെ അദ്ദേഹം ഭാരതത്തിന്റെ മോചനമന്ത്രമായി അവതരിപ്പിച്ചു.ആധുനിക ഇന്ത്യയുടെ നിർമാതാവായി സുഭാഷ് ചന്ദ്രബോസ് വിശേഷിപ്പിച്ച ഇദ്ദേഹം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മീയ പിതാവായും അറിയപ്പെടുന്നു.

## *സ്വാമി ദയാനന്ദ സരസ്വതി



**ആര്യസമാജ സ്ഥാപകൻ. 'വേദങ്ങളിലേക്ക് മടങ്ങുക ' എന്ന് ആഹ്വാനം ചെയ്ത വ്യക്തി.സ്വാമി ദയാനന്ദ സരസ്വതിയുടെ പ്രസിദ്ധകൃതിയാണ് 'സത്യാർത്ഥപ്രകാശം'.മതപരിവർത്തനം തടയുന്നതിനു വേണ്ടി അദ്ദേഹം ആരംഭിച്ച പ്രസ്ഥാനമാണ് 'ശുദ്ധിപ്രസ്ഥാനം'.ജാതിവ്യവസ്ഥയെയും വിഗ്രഹാരാധനയെയും അദ്ദേഹം എതിർത്തു. വേദങ്ങളിലധിഷ്ഠിതമായ ഒരു നവഭാരത സംസ്കാരം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച ഇദ്ദേഹം ഇന്ത്യയുടെ പിതാമഹൻ എന്നറിയപ്പെടുന്നു.**

*സർ സയ്യ്ദ് അഹമ്മദ് ഖാൻ



മുസ്ലീങ്ങളുടെ മത സാമൂഹിക പരിഷ്കരണങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച വ്യക്തി. 1875-ൽ അദ്ദേഹം ആരംഭിച്ച പ്രസ്ഥാനമാണ് അലിഗഢ് പ്രസ്ഥാനം. ആധുനിക വിദ്യാഭ്യാസത്തിനും ഹിന്ദു-മുസ്ലീം ഐക്യത്തിനും വേണ്ടി പ്രവർത്തിച്ച വ്യക്തി.1888-ൽ യുണൈറ്റഡ് പാട്രിയോട്ടിക് അസോസിയേഷൻ സ്ഥാപിച്ചു.ബ്രിട്ടീഷ് സർക്കാർ നൈറ്റ്ഹുഡ് സ്ഥാനം നൽകി അദ്ദേഹത്തെ ആദരിച്ചു.

*ആനി ബസന്റ്



ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ വനിതാ പ്രസിഡന്റ്.
ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ സജീവമാക്കി നിലനിർത്തിയ ഹോംറൂൾ പ്രസ്ഥാനത്തിന്റെ സ്ഥാപക.ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ വന്ദ്യവയോധിക എന്നറിയപ്പെടുന്നു.തിയോസഫിക്കൽ സൊസൈറ്റിയുടെ ഒരു സജീവ പ്രവർത്തകയായിരുന്ന വ്യക്തി.ന്യൂ ഇന്ത്യ, കോമൺവെൽ എന്നീ പ്രസിദ്ധീകരണങ്ങൾക്ക് നേതൃത്വം നൽകിയ അവർ ഭഗവത്ഗീത ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി.ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ വിദേശ വനിതയാണ് ആനി ബസന്റ്.



## *പണ്ഡിത രമാബായ്

സാമൂഹിക പരിഷ്കർത്താവ്,വിദ്യാഭ്യാസ പ്രവർത്തക, സംസ്കൃത പണ്ഡിത എന്നീ നിലകളിൽ ശ്രദ്ധേയായ വ്യക്തി. സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും ബാല വിവാഹം നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടി ആര്യ മഹിളാസഭ എന്ന സംഘടന സ്ഥാപിച്ചു.സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ അസമത്വങ്ങൾക്കെതിരെ പ്രവർത്തിക്കുകയും സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത വ്യക്തി.1889-ൽ ശാരദാ സദൻ സ്ഥാപിച്ചു.അധ്യാപക പരിശീലന കേന്ദ്രവും വ്യവസായ പരിശീലന കേന്ദ്രവും സ്ഥാപിച്ച് പ്രവർത്തനം വിപുലീകരിച്ച അവർ കൃപാസദൻ എന്ന മറ്റൊരു സംരംഭവും തുടങ്ങി.പണ്ഡിത രമാബായിയുടെ പ്രശസ്തമായ പുസ്തകമാണ് 'ദി ഹൈ കാസ്റ്റ് ഹിന്ദു വുമൺ'.

### നിങ്ങൾക്കറിയാമോ?

പ്രകൃതിയിലെ ശുചീകരണ ജോലിക്കാർ- ഫംഗസുകൾ

*വേരുകളില്ലാത്ത സസ്യം- സാൽവീനിയ

*ഇല മുളച്ചുണ്ടാകുന്ന സസ്യം-ബിഗോണിയ

*മാവിന്റെ ജന്മദേശം-ഇന്ത്യ

*ഏറ്റവും വലിയ ഫലമുള്ള സസ്യം-പ്ലാവ്

*ഏറ്റവും വലിയ മുകുളം-കാബേജ്

*ജലംവഴി പരാഗണം നടത്തുന്ന സസ്യം-വാലിസ്നേറിയ

# Computer and the world today

-Anandakrishnan.A



Computer are by far greatest of man's inventions.

The technology of computers here grown by leaps and bounds during the part two decades. Today there is absolutely nothing in which computers do not have a role to play created foot computing mathematical problems fast. The computer today is used in weather forcast, designing, manufacture and operation of machines, guiding space craft, criminal investigations and a host of other applications.

The term computer denotes a device made up of a combination of electronic and mechanical computers. The computers as such are called the hardware. The programs that are feed to a computers to guide and instruct it to function from the software

From the early days when computers were very larger. But slower. Then today's computers, the evolution has been tremendus. The popularzcomputers today is the personal computers designed for use by an individual. The central processing unit receives data for processing from input device like the keyboard gives the processed output at the monitor screen, or as a printout from the printer


Internet in a network of about million computers all over the world which provides communication among the member users to the network. This opens up many areas like electronic commerce, electronic mail etc. The latest development is the artificial inteligence, the research on which has almost reached a day when a thinking machine is possible

One Book,One Pen,One Teacher and One Child Can Change The World
-Malala Yousafzai



# പൂക്കൾ

ജെയ്സിൽ.സി.ജെയിംസ്



മനോഹാരമായ അന്തരീക്ഷത്തിൽ
മന്ത്രങ്ങളെന്നപോലെ കിളികളുടെ ആരവം
പച്ചപ്പട്ടുപോൽ അലംകൃതമായ മൈതാനം
പരവതാനിയാണെന്ന് തോന്നിടുന്നു.
കണ്ണഞ്ചിപ്പിക്കുമാറുള്ള നിറങ്ങളാൽ
എണ്ണമില്ലാത്ത പൂക്കൾ
പൂക്കളുടെ മധുനുകരുവാനെത്തുന്ന വണ്ടുകൾ
മതിവരുവോളമാസ്വദിച്ചതാപറക്കുന്നു.
സൂര്യകിര്യകിരണങ്ങളാൽ പുഞ്ചിരിച്ചുനിൽക്കുന്നു
സൂര്യകാന്തികൾക്കെന്തു ചന്തം
സുന്ദരദൃശ്യം സമ്മാനമായിതന്ന
ഈശ്വരാ വന്ദനം



# ഇരപിടിയൻ പക്ഷികൾ



*വിറയൻപുള്ള്

പരുന്തുകളുടെ ബന്ധുവർഗം.വെട്ടുകിളിയാണ് പ്രധാന ഭക്ഷണം.കുറെ ചുള്ളികളും വേരുകളും പെറുക്കി കല്ലിന്മേൽ വെച്ച് അതിനു നടുക്ക് നാലോ അഞ്ചോ മുട്ടകളിടും.പലപ്പോഴും ഉയരെ
വട്ടമിട്ടു പറന്നാണ് ഇര തേടുന്നത്.



*മൂങ്ങ

ഇവ രാത്രിയിലാണ് ഇര തേടുന്നത്.എലിയാണ് പ്രധാന ഭക്ഷണം.ഏതാണ്ട് എല്ലാ രാജ്യങ്ങളിലും മൂങ്ങയുണ്ട്.ഇരുണ്ട മാളങ്ങളിൽ വൈക്കോലും ചപ്പും മറ്റും ശേഖരിച്ചാണ് കൂടു കെട്ടുന്നത്.നേരെ പിന്നിലേക്ക് തലതിരിക്കാനുള്ള കഴിവുണ്ട് ഇവയ്ക്ക്.



*ഫാൽക്കൺ

പക്ഷികൾ,ഉരഗങ്ങൾ,ചെറു സസ്തനികൾ എന്നിവയെ കൊന്നു തിന്നുന്നു.ഇണകളായി ജീവിക്കുന്ന ഇവ കൂടുകൂട്ടുന്നത് ഉയർന്ന പാറ ക്കൂട്ടങ്ങളിലാണ്.മറ്റു പക്ഷികളിലൂടെ കൂടുകൾ സ്വന്തമാക്കുന്ന പതിവും ഇവയ്ക്കുണ്ട്.ലോകത്തിൽ വിവിധ ഭാഗങ്ങളിലായി പലതരം
ഫാൽക്കണുകളുണ്ട്.



*കരിതപ്പി

തുറന്ന പ്രദേശത്താണ് ഇവയെ കാണുക.രാത്രി

ഉറങ്ങുന്നത് നിലത്തിരുന്നാണ്.ദേശാടന

പക്ഷികളായ ഇവ പതിവായി കൂടുകെട്ടുന്നത്

ഹിമാലയത്തിനു വടക്കാണ്.തവള,എലി,ചെറിയ

പാമ്പുകൾ എന്നിവയാണ്

തീറ്റ.അമേരിക്കയിലൊഴികെ

മറ്റെല്ലായിടത്തും ഇവയുണ്ട്.



*മീൻകൊത്തി

മീൻകൊത്തിക്ക് മത്സ്യം മാത്രമല്ല ആഹാരം.

തവളക്കുഞ്ഞുങ്ങളെയും മറ്റു ചെറു

ജലജീവികളെയും

ഇവ പിടിച്ചുതിന്നും.കണ്ണിമ പൂട്ടുന്ന

സമയംകൊണ്ട്

മീനിനെ പിടിക്കാൻ ഇവയ്ക്കാവും.പുഴക്കരയിലോ

മറ്റോ മൺതിട്ടയിൽ കൂടുണ്ടാക്കുന്നു.



*സെക്രട്ടറിപ്പക്ഷി

സഹാറ മരുപ്രദേശങ്ങളിൽ

കാണപ്പെടുന്നു.പ്രാണികൾ,

സസ്തനികൾ,പല്ലി,പാമ്പ്,ചെറുപക്ഷികൾ എന്നിവയാണ്

ഭക്ഷണം.അക്കേഷ്യാ മരങ്ങളിൽ കൂടുകൂട്ടുന്നു.സുഡാന്റെ

ദേശീയ ചിഹ്നമാണ് ഈ പക്ഷി.

*കഴുകൻ

കഴുകന്മാരുടെ പറക്കൽ മിക്കവാറും



ചിറകുകൾ

അനക്കാതെ നിവർ

ത്തിപ്പിടിച്ചാണ്.കഷണ്ടി

ത്തലയാണ് ഇവയ്ക്ക്.പലപ്പോഴും

കൂട്ടമായി ഇര

തേടുന്ന ഇവയുടെ പ്രധാന തീറ്റ

ശവങ്ങളാണ്.

ചുട്ടിക്കഴുകൻ,തോട്ടിക്കഴുകൻ എന്നിങ്ങനെ

കഴുകന്മാരിൽ പലതരക്കാറുണ്ട്.

*ഷിക്ര



കേരളത്തിലെങ്ങും കാണാവുന്ന ഒരു

പ്രാപ്പിടിയ

നാണിത്.ഓന്ത്,ഗൗളി,എലി,ചെറുപക്ഷികൾ,

പക്ഷികുഞ്ഞുങ്ങൾ എന്നിവയാണ്

ഇഷ്ടഭക്ഷണം.

കേരളത്തിൽ ഷിക്രകൾ കൂട്

കെട്ടിത്തുടങ്ങുന്നത്

നവംബർ അവസാനത്തിലാണ്.ഇന്ത്യയിലും

സഹാറൻ പ്രദേശങ്ങളിലുമാണ് ഇവ കാണപ്പെടുന്നത്.

# അക്ഷയപാത്രം

സൂര്യജിത്ത്.ആർ

“അറിയാത്ത മട്ടിൽ ച്ചെരുചിരത്തുണ്ടോ
നവശേഷിപ്പിക്കു പതവായ് പത്രത്തിൽ
നമുക്കറിയില്ല നരനാരായണൻ
വിശന്നെത്താം- പാത്രം പരതി നോക്കിടാം"
ഇതു ഞാൻ ഭാര്യോട്ടുരച്ചുവെങ്കിലും
ചിരിയേ കേട്ടുള്ളൂ മറുപടിയായി
രഹസ്യമായ ചിരിയെ ചിലപ്പോൾ ഞാൻ
അടുക്കളപ്പാത്രങ്ങളിൽ വിതറുന്നു-
കുറെ നാൾ ചെന്നില്ല പരക്കുന്നു വാർത്ത
" സ്വയംപര്യാപ്തത നമുക്കു ഭക്ഷത്തിൽ"
മുടക്കമില്ല നെല്ലരിക്ക് നാടിതിൽ
ഒഴിഞ്ഞു പട്ടിണി കൃതാർത്ഥതയോടെ
തുറന്നു നോക്കി" ഞാൻ വിതറിയചിര-
യിലയില്ലെങ്ങും" എന്നറിയിച്ചീടവേ
ചിരിച്ചില്ല, ഭാര്യ തൊഴുകയ്യോടോതി
“കുറഞ്ഞിട്ടില്ല, ലീല കലികാലത്തിലും!”

# നിന്റെ കൂട്ടുകാർ ആരെന്നു പറയുക
# നിയാരാണെന്നു ഞാൻ പറയാം

ആബേൽ ജോൺ തോമസ്



ഒരു കൃഷിക്കാരനു കുറേ കഴുതകളുണ്ടായിരുന്നു. അയാൾ പുതിയ ഒരു കഴുതയെക്കൂടി വാങ്ങാൻ തീരുമാനിച്ച് ചന്തയിൽ ചെന്ന് കഴുതകളെ നോക്കി.ഒരു കഴുതയെ തിരഞ്ഞെടുത്തു.കുറച്ച് പണം മുൻകൂർ കൊടുത്തിട്ട് പറഞ്ഞു.”ഈ കഴുതയെ ഒന്നു പരീക്ഷിച്ച് നോക്കിയിട്ട് ഞാൻ വാങ്ങാം".വിൽപ്പനക്കാരൻ സമ്മതിച്ചു. കൃഷിക്കാരൻ തനിക്ക് സ്വന്തമായിട്ടുളള കഴുതകളുടെ കൂടെ ഈ കഴുതയെ മെയ്യാൻ വിട്ടു.      ആ കഴുതയവിടെ കൂട്ടത്തില് ഏറ്റവും വലുപ്പമുളളവനും ,മടിയനും,തീറ്റഭ്രന്തനുമായ കഴുതയുടെ അടുത്ത് ചെന്ന് അവനോട് കൂട്ടി കൂടി.ഇത് കണ്ട കൃഷിക്കാരൻ ആ കഴുതയെ തിരിച്ച് വിൽപ്പനക്കാരന്റെ അടുത്ത് കൊണ്ടുചെന്നു.എന്നിട്ട് പറഞ്ഞു"ഈ കഴുതയെ എനിക്ക് വേണ്ട"വിൽപ്പനക്കാരൻ ചോദിച്ചു"ഇത്ര പെട്ടെന്ന് നിങ്ങൾ അവനെ പരീക്ഷിച്ചു അറിഞ്ഞോ?”. കൃഷിക്കാരൻ നടന്ന സംഭവം എല്ലാം വിൽപ്പനക്കാരനെ അറിയിച്ചു. വിൽപ്പനക്കാരൻ വേറൊരു കഴുതയെ കൃഷിക്കാരന് കൊടുത്തു.

ഗുണപാഠം:"നിങ്ങളെ മറ്റുള്ളവർ വിലയിരുത്തുന്നത്  നിങ്ങളുടെ കൂട്ടുകാർ ആരെന്ന്  നോക്കിയാണ്.”

പൊതു വിജ്ഞാനം

സസ്യശാസ്ത്രം

*വനമഹോത്സവം ആരംഭിച്ചത് - 1950

*സസ്യങ്ങൾക്ക് ഹരിതനിറം നൽകുന്ന വസ്തു

ക്ലോറോഫിൽ

*മണ്ണില്ലാതെ കൃഷിചെയ്യുന്ന ശാസ്ത്രീയസമ്പ്രദായത്തിനു പറയുന്ന പേര് -

ഹൈഡ്രോപോണിക്സ്

*കൂണിൽ അടങ്ങിയിരിക്കുന്ന പ്രധാന ഘടകം - പ്രോട്ടീൻ

*സസ്യകോശത്തിന്റെ ഭിത്തി നിർമ്മിച്ചിരിക്കുന്നത് ഏതു പദാർത്ഥം കൊണ്ടാണ്- ക്രെസ്കോഗ്രാഫ്

*ആൺപൂക്കളെ പെൺപൂക്കളാക്കാൻ കഴിവുള്ള ഹോർമോൺ-

എത്തിഫോൺ

*സസ്യലോകത്തിലെ രത്നങ്ങൾ എന്നറിയപ്പെടുന്നത്- ഡയാറ്റമുകൾ

*പുഷ്പങ്ങളുണ്ടാകുന്നത് സഹായിക്കുന്ന ഹോർമോൺ - ഫ്ളോറിജിൻ

*ഭൂമുഖത്ത് ഏറ്റവും സുലഭമായിട്ടുള്ള സസ്യകുടുംബം - കംപോസിറ്റേ

*സസ്യകോശം ആദ്യമായി കണ്ടുപിടിച്ചത് - റോബർട്ട് ഹുക്ക്

*ഏറ്റവും വലിയ പുഷ്പം - റാഫ്ളീസിയ

*ലോകത്തിൽവെച്ച് ഏറ്റവും ചെറിയ പുഷ്പം- വുൾഫിയ


*സൂര്യകാന്തിയുടെ ജന്മദേശം- മദ്ധ്യ അമേരിക്ക

*ഏറ്റവും ഉയരംകൂടിയ വൃക്ഷം- കാലിഫോർണിയ റെഡ് വുഡ്

*ജീവിക്കുന്ന ഫോസിൽ എന്നറിയപ്പെടുന്ന സസ്യം- ജിങ്കോ

*പൂക്കൾക്ക് ചുവപ്പുനിറം കൊടുക്കുന്ന പദാർത്ഥം - ആന്തോസയാനിൻ

# MAHATMA GANDHI



MAHATMA GANDHI is the father of our nation. He was born in Gujarat in 1869 October 2nd is celebrated as Gandhi Jayanthi. Mahatma Gandhi was born on that day. From the very childhood, he was a very honest child. When grown up he went to England to study law. Later, he also went to South Africa. In South Africa he fought against the social evils.

When Gandhi returned to India, the country was in deep trouble. Freedom struggle was well in progress. The British were suppresing the struggle. Gandhi courageously took up the challenge. He preached the principle of non-violence. Thousand of people were attracted by him. At last the British had to leave the country. Thus, India become independent in 1947. but Gandhi was assassinated. He was killed by Nadhuram Godse on 30th January, 1948. Gandhi was a great man of principles.

He believed in Ahimsa. Ahimsa means keeping away from violence. It was his real weapon. He used this weapon to fight against the British. Ahimsa includes two important values. They are love and compassion. It teaches us to be compassionate to everyone. We should love human beings, birds,animals etc.

**DONJOSEPH**
**IX A**

# ARTHUR CONANDOYLE (1859-1930)



***Arthur, world famous detective novelist,was bo0rn on 22 May,1859 at Edinburgh.Even from childhood Arthur read many detective novels. Arthur was the creator of Sherlock Holmes,the renowned detective hero. Sherlock Holmes and his friend Dr.Watson need no introduction to the people all over the world. Sherlock Holmes became the role model of detectives. Some of his widely read detective novels are Adventure of Sherlock Holmes,The Hound of Basker Villes,The White Company,The Return of Sherlock Holmes and The Great Boer War. He died on 7 July,1930.***

# Emily Dickinson
## (1830 – 1886)



***Emily Elizabeth Dickinson was born on 10 December, 1830 Amherst,US. She was Educated at Amherst Academy and Mount Holyoke. Many of her poems dealt with God. Emily wrote philosophical and emotional poems. Most of her poems were published six years after her death. No collection of poems by Dickinson was published in her life time. The First, Second, and Third series of poems by Emily Dickinson, The single Hound: poems of a Life Time, and unpublished poems of Emily Dickinson are some of Emily' s Famous writing. She died on 25 may 1886***

# General knowledge

.മാലദ്വീപിന്റെ പുതിയ പ്രസിഡന്റ് ? - **ഇബ്രാഹിം മുഹമ്മദ് സോലിഹ്**

.ക്ഷയരോഗം ഭൂമുഖത്തിനിന്ന് തുടച്ചുമാറ്റുമെന്ന് ഐക്യരാഷ്ട്ര സംഘടന ലക്ഷ്യം വയ്ക്കുന്ന വർഷം ? - 2023

.T*2 പദ്ധതിയുടെ ലക്ഷ്യം എന്ത് ?

**ലോകമെമ്പാടുമുള്ള കടുവകളുടെ എണ്ണം ഇരട്ടിയാക്കാനുള്ള പദ്ധതി**

.T*2 പദ്ധതി നടപ്പാക്കുന്നത് ആര് ?

**വേൾഡ് വൈൽഡ് ലൈഫ് ഫൗൺഡേഷൺ.**

.2018-ൽ ആദ്ധ്യമായി ഒരു വിമാനത്താവളം ഉദ്ഘാടനം ചെയ്ത ഇന്ത്യൻ സംസ്ഥാനം ?

**സിക്കിം.**

ഇന്ത്യയിൽ ആദ്യ TRIBALS TOURISM പദ്ധതി നിലവിൽ വന്ന സംസ്ഥാനം ?

**ഛത്തിസ്ഗഡ്.**

അലഹബാദ് നഗരത്തിന്റെ പുതിയ നാമം ? പ്രയാഗര

ഇന്ത്യയിലെ അദ്യ സ്മാർട്ട് ഹരിത ഹൈവേ ?

**ഈസ്റ്റേൺ പെരിഫവൽ എക്സ്പ്രസ് വേ**

ഹൈഡ്രജൻ ഇന്ധനമാക്കി പ്രവർത്തിക്കുന്ന ലോകത്തിലെ അദ്യ ട്രെയിൻ നിർമ്മിച്ച രാജ്യം

**ജർമ്മനി**

2018 ലെ രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം നേടിയ ക്രിക്കറ്റ്താരം ?

**വിരാട്ട് കോഹ് ലി.**

2018-ട്ട് ഫുട്ബോൾ ലോകകപ്പിൽ കിരീടം നേടിയ രാജ്യം ?

**ഫ്രാൻസ്**

ബല്യൺ ദ് ഓർ പുരസ്കാരം നേടിയ താരം(2018-ലെ)

**ലൂക്കാ മോഡ്രിച്ച്**

ലോകത്തിലേയും വച്ച് എറ്റവും വലിയ സ്റ്റാച്ച സ്ഥിധിചെയ്യുന്നതെവിടെ ?

**ഇന്ത്യ(ഗുജറാത്ത്)**

2022 ഫുട്ബോൾ ലോകകപ്പ് നടക്കുന്നതെവിടെ ?

**ഖത്തർ**

ഇന്ത്യയുടെ വാനമ്പാടി ? **സരോജിനി നായിഡു**

ഇന്ത്യയിലെ ഏറ്റവും വലിയ സിറ്റി ? **മുംബൈ**



## പച്ചപനംകിളി

ഓ നീ കൂടെ പോരുന്നോ
നീ കൂടെപോന്നല്ലോ നാവിനുപൊന്നണിയാം
ഓ .....തെയ്യ്ോ.............
പച്ചപനകിളി നീ കൂടെ പോരുന്നോ
കൂടെ പോന്നാലേ ചിറകിനു പൊന്നണിയാം
ഓ............തെയ്യ്ോ.............
പച്ചപനകിളിയെ നീ കൂടെ പോരുന്നോ
നീ കൂടെ പോന്നാലേ ചുണ്ടിനുപൊന്നണിയാം
ഓ......തെയ്യ്ോ...........

# പ്രാർത്ഥന

തിബത്തില്ലുള്ള ഒരു ഗ്രാമം,
ഒരിക്കൽ സുന്ദർസിംഗ് എന്ന യോഗി ഗ്രാമത്തിലെത്തി.ഗ്രാമീണർക്ക് ആ സാന്നിദ്ധ്യം ഇഷ്ടമായില്ല.അവർ അദ്ദെഹത്തെ ഓടിച്ച് ഗ്രാമത്തിന് പുറത്താക്കി. ഒരു ഗുഹയിലൊശിച്ച് സിംഗ് തൽക്കാലം രക്ഷപെട്ടു.എന്നാൽ തെല്ലിട കഴിഞ്ഞപ്പോൾ ധാരാളം ആളുകൾ വെടിയും വാളുമായി ഗുഹയ്ക്ക് നേരെ വന്നു.അദ്ദേഹമതു കണ്ടു.അവർ തന്നെ കൊല്ലും സിംഗ് വിചാരിച്ചു.ഇലി മറ്റൊന്നും ചോയ്യാനില്ല.തന്റെ ആത്മാവിനെ ദൈവത്തിന് സമർപ്പിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചു.അര മണിക്കൂർ കഴിഞ്ഞ്, ഗുഹയ്ക്ക് വെളിയിലെത്തി,അവിടെ ആരും ഉണ്ടായിരുന്നില്ല.നേരം വെളുത്തു.ശത്രുക്കൾ വീണ്ടുമെത്തി.ഉപദ്രവിക്കാനായിരുന്നില്ല.സുന്ദർ സിംഗിനോട് അവർ ചോദിച്ചു:
"രാത്രി ഞങ്ങൾ വന്നപ്പോൾ നിന്റെ ഗുഹയ്ക്ക് കാവൽ നിന്നിരുന്ന ആ ദൂതന്മാരാരായിരുന്നു"?
"ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ" സിംഗിന്റെ മറുപടി
"അല്ല നീ തനിച്ചായിരുന്നെങ്കിൽ നിന്നെ ഞങ്ങൾ കൊല്ലുമായിരുന്നു.നിന്നോടുകൂടെ ഉണ്ടായിരുന്നവർ നിമിത്തമാണ് നീ രക്ഷപ്പെട്ടത്"-അവർ പ്രതികരിച്ചു.

തന്റെ പ്രാർത്ഥനയ്ക്ക് ദൈവം തക്ക സമയത്തുതന്നെ മറുപടി നൽകിയിരുന്നുവെന്ന് സുന്ദർസിംഗ് തിരിച്ചറിയുകയായിരുന്നു.

# വാഴ ഫെസ്റ്റ്

മുട്ടുചിറ ബോയ്സ് ഹൈസ്കൂളിലെ കുട്ടികൾക്ക് വ്യത്യസ്തമായ ഒരു രുചിയനുഭവം.

വാഴയുടെ വിവിധ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുണ്ടാക്കിയ ഏകദേശം 50 ഓളം വിഭവങ്ങൾ കുട്ടികൾക്കും മാതാപിതാക്കൾക്കും വേറിട്ട അനുഭവമായി. സ്കൂൾ  കൃഷിത്തോട്ടത്തിന് നേതൃത്വം നൽകുന്ന സിസ്റ്റർ റോസിലിൻ മൈക്കിൾ നല്കിയ നിർദ്ദേശ്ശമനുസരിച്ചാണ് കുട്ടികൾ വീട്ടിൽ നിന്ന് വിഭവങ്ങൾ കൊണ്ടുവന്നത്.വാഴപ്പഴം കൊണ്ടുണ്ടാക്കിയ ജ്യൂസ്, സ്ക്വാഷ്, ഹൽവ, കാളൻ, വാഴപ്പിണ്ടികൊണ്ടുണ്ടാക്കിയ തോരൻ അവിയൻ ...എന്നിങ്ങനെ വാഴയുടെ വിവിധ ഭാഗങ്ങൾ ഭക്ഷ്യയോഗ്യമാക്കാമെന്ന് വാഴഫെസ്റ്റ് തെളിയിച്ചു.

വാഴഫെസ്റ്റ് മുട്ടുചിറ ഫൊറോനാ പളളി അസിസ്റ്റന്റ് വികാരി ഫാ.മാത്യു മുതുപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും സ്കൂൾ പിറ്റിഎ പ്രസിഡന്റുമായ ശ്രീ മാത്യു ജി മുരിക്കൻ, ഹെഡ്മിസ്ട്രസ്സ് ശ്രീമതി ലില്ലിക്കുട്ടി മാത്യു എന്നിവർ സന്നിഹിതരായിരുന്നു.








# TIME IS PRECIOUS

*The* most precious thing in our life is time. You might have heard the saying '*TIME IS TIDE WAIT FOR NONE*'. It means that once lost, time cannot be gained back. Therefore, we should be careful not to waste it.

God gives everyone twenty-four hours a day. But he doesn' t say how that time is to be used. It is our responsibility. You must plan your activities. If you plan well, you will not waste much time. Those who do it will surely fail. If one spends all the night for sleeping, he will not gain much in life.

We must get up early in the morning. Before going to school we must study for sometime. In the Evenings, You should have fixed time for games.

Postponing is a very bad quality. To postpone means to keep something for another day. You must try to complete today's works today itself. Otherwise, at the end you will be in deep trouble. Before going to bed make sure you have completed the works.

Spending time in idle talk idle talk is a bad habit. We must learn to make use4 of time. Spending long hours before television is not healthy. The hard working students find time for everything. Those who are lazy will not have time for anything. So, Let make use of the time in the BEST Manner.



# സൗഹൃദം

അംഗണവാടിയിൽ സ്നേഹം നുണയവേ
പുഞ്ചിരിച്ചെപ്പുതുറന്നെൻ പക്കലെത്തിയ സൗഹൃദം.
മുററത്തുവീണയെൻ കൈപിടിച്ചുയർത്തിയ
നൽ സ്നേഹത്തിനുടമയെൻ സൗഹൃദം.
മെല്ലയെൻ ചാരെയെത്തിയ എൻ പ്രീയതോഴി
സാരമില്ലെന്നോതി സമാശ്വസിപ്പിച്ച നേരം
എൻ പുഞ്ചിരി കാണാതയവൾ നീട്ടി തേൻ മിഠായി
നൽ നറു സ്നേഹസ്പർശം
കാലമതാപോയി ശരവേഗങ്ങനെ
സുഖഃത്തിലും ദുഃഖത്തിലും ഒന്നിച്ചവൾ
എൻ കൂടെ സോദരിയായ് എന്നെന്നും
കൂടെപ്പിറക്കാതെയും കൂടെപ്പിറപ്പുകൾ
ജനിക്കുന്നുവോ ലോകമാം തറവാട്ടു
നൽകിയ സ്നേഹത്തിൻ ആഴമറിയിക്കാൻ
കഴിവുള്ള 'ആയുധം' ഈ സ്നേഹം.






## <u>മഴ</u>

മനസ്സിലൊരു തീ മഴ
പുറമെയൊരു തേൻ മഴ
പാതിരാ പൂ മഴ
തീ താനന......
മനസ്സിൽ പെയ്യും തീ മഴ
കരളിലൊരു വെയിൽ മഴ
തീതാനനാ
മനസ്സിലൊരു തീ മഴ
പുറമെയൊരു തേൻ മഴ
പാതിരാ  പീ മഴ
തീ താനന......

## <u>മലാഖ</u>

നന്മ നിറഞ്ഞൊരു മാലാഖ
ഭൂമിയിലെ മാലാഖ സ്നേഹമുള്ളൊരു
മാലാഖ
കാരുണ്യതിയായ മാലാഖ
തെറ്റ് ക്ഷമിക്കുന്ന മാലാഖ
നൽവഴിയാകുന്ന മാലാഖ
സ്നേഹമുള്ളൊരു മാലാഖ
അമ്മ എന്നൊരു മാലാഖ

## കാട്ടുകടമ്പേ......കാട്ടുകടമ്പേ......

കാട്ടുകടമ്പേ കാട്ടുകടമ്പേ
കണികാണാൻ പൂത്തരുമോ
കാശിത്തുമ്പേ കാശിത്തുമ്പേ
കളമെഴുതാൻ പൂത്തരുമോ
മാവേലിയെഴുന്നള്ളുമ്പോൾ
മലർകൊണ്ടൊരു പായവിരിക്കാൻ
തൃക്കാക്കരയപ്പനൊരു
തൃക്കോവിൽ കളം വരയ്ക്കാൻ
കരിവണ്ടേ..കരിവണ്ടേ
കടമായ് കുറെ തേൻ തരമമോ
മുല്ലച്ചെണ്ടേ മുല്ലച്ചെണ്ടേ
മുന്നാഴി തേൻ തരുമോ
തിരുവോണസദ്യയ്ക്ക്
തിരുധുര പായസം വേണം
പൊന്നോണവിരുന്നു കൊടുക്കാൻ
തങ്കനിലാവെ തങ്കനിലാവെ
പൊൻകസവിത്തിരി നീ തരാമോ
ഓണപ്പുലരി ഓണപ്പുലരി
ഒരായിരം നൂൽതരാമോ
നന്നായി നെയ്യുമെന്നുടെ
മിന്നു പൊന്നാടപ്പുടവ
മറ്റുള്ളോർക്ക് കൊടുക്കാൻ

fgf



<u>ചെറുകഥ</u>

കൂട്ടുകാരെ... ഞാൻ ഒരു കഥ പറയാം പോവുകയാണ്

നിങ്ങൾ ശ്രദ്ധിക്കണം കേട്ടോ.

ഒരിടത്ത് ഒരു കടലുണ്ടായിരുന്നു .ആ കടലിൽ ഒരു ചെറിയ മൽസ്യം ഉണ്ടായിരുന്നു ആ മൽ സ്യത്തിന് എന്നും വിഷമമായിരുന്നു എന്തുകൊണ്ടെന്നാൽ ബാക്കിയുള്ള മീനുകളെ അപേക്ഷിച്ച് ആ മീൻ ചെറുതായിരുന്നു.

ആ ഇടക്കാണ് അവിടെ ഒരു മീൻ പിടുത്തക്കാരൻ വന്നത്.വലിയവലിയ മീനുകളെ പിടിച്ചു .വലിയ കണ്ണികൾ ആയിരുന്നതിനാൽ ചെറിയ മീനെ പിടിച്ചില്ലാ .അപ്പോൾ ആ മീൻ ദൈവത്തിന് നന്ദി പറഞ്ഞു.

# <u>അച്ചടക്കമാഹാത്മ്യം</u>

അച്ചടക്കമാഹാത്മ്യത്തെപറ്റി ധാരാളം പറയാണ്ട് .

അച്ചടക്കമുള്ള മനസ്സിനെ കാര്യങ്ങൾ സസൂക്ഷ്മമായും ഗ്രഹിക്കാൻ പറ്റൂ....

അച്ചടക്കമുള്ള മനുഷ്യനേ ഉദ്ദിഷ്ട ലക്ഷ്യങ്ങളിൽ എളുപ്പം എത്തിച്ചേരാനാകൂ...

അച്ചടക്കം നിലവിലുള്ള വിദ്യാലയത്തിനെനല്ല പരീക്ഷഫലം സൃഷ്ട്ടിക്കാനാവൂ

അച്ചടക്കമുള്ളതൊഴിലാളകൾജോലി ചെയ്യുന്ന ഫാക്ടറിയിലെ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ ആവൂ.....

<u>പരിശ്രമം</u>

"പരിശ്രമത്തിലാണ് സംതൃപ്തി പൂർണ പരിശ്രമമെന്നാൽ പൂർണജയമാണ്"

(മഹാത്മാഗാന്ധി)

# ശ്രീനിവാസ രാമാനുജൻ



കേരളത്തിന്റെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ 1887 ഡിസംബറിലാണ് ശ്രീനിനാസ രാമാനുജൻ ജനിച്ചത്.പിതാവ് ഒരു തുണിക്കടയിലെ കണക്കെഴുത്തു കാരനായിരുന്നു.വീട്ടിലെ പട്ടിണിയും കഷ്ടപ്പാടും കാരണം രാമാനുജന് ശരിയായ വിദ്യാഭ്യാസം ലഭിക്കാൻ മാർഗമുണ്ടായില്ല.എങ്കിലും അവൻ സ്വന്തം പരിശ്രമം കൊണ്ട് ഗണിതശാസ്ത്രത്തിൽ വലിയ പാണ്ഡിത്യം നേടി.

വെറും 13 വയസ്സുള്ളപ്പോൾ രാമാനുജൻ ലോകപ്രശസ്തമായ ലോണിയുടെ ട്രിഗണോമെട്രി സോൾവ് ചെയ്തു.15-ാം വയസ്സിൽ സ്റ്റബ്സിഡ്ജ് കാർ രചിച്ച 'സിനോപ്സിസ് ഓഫ് എലമെന്ററി റിസൽട്സ് ഇൻ പ്യൂർ ആൻഡ് അപ്ലൈഡ് മാത്ത്മാറ്റിക്സ്' എന്ന ഗ്രന്ഥം രാമാനുജൻ പഠിച്ചു.അതിൽ ആറായിരത്തോളം തിയറങ്ങളുണ്ടായിരുന്നു.രാമാനുജൻ അവയെല്ലാം അപഗ്രഥിച്ച് അവയെ അടിസ്ഥാനമാക്കി ചില പുതിയ തിയറങ്ങൾ വികസിപ്പിച്ചെടുത്തു.

1914ൽ രാമാനുജൻ താൻ തയ്യാറാക്കിയ120 തിയറങ്ങൾ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ഗണിതശാസ്ത്ര പണ്ഡിതനായ ജി.എച്ച് ഹാർഡിക്ക് അയച്ചുകൊടുത്തു.അദ്ദേഹം രാമാനുജനെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെക്ക് ക്ഷണിച്ചുകൊണ്ടുപോയി.

ഇംഗ്ലണ്ടിൽ വെച്ച് രാമാനുജന് ക്ഷയരോഗം ബാധിച്ചു.ഗവേഷണങ്ങൾ മതിയാക്കി അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി.1920 ഏപ്രിൽ 26-ന് അദ്ദേഹം നിര്യാതനായി.മദ്രാസ് യൂണിവേഴ്സിറ്റി അദ്ദേഹത്തിന്റെ സ്മരണയ്ക്കായി രാമാനുജൻ ഇൻസ്റ്ററിറ്റ്യൂട്ട് സ്ഥാപിച്ചു.

ലോകമെമ്പാടുമുള്ള ഗണിതശാസ്ത്രജ്ഞന്മാർ എക്കാലവും രാമാനുജനെ സ്മരിക്കും.

# മദ്യം മനുഷ്യനെ കൊല്ലുന്ന വിഷം




നമ്മുടെ നട്ടിലെ ചെറിയ കുട്ടികൾ മുതൽ വലിയവർ വരെ ലഹരിയിലേക്ക് അടിമപ്പെടുകയാണ്. മുതിർന്നവരുടെ കൈയിൽനിന്നാണ് കുട്ടികൾ ഇത്തരം ശീലങ്ങൾ പഠിക്കുന്നത്. മുതിർന്നവരോടുള്ള  സൗഹൃദവും കൂടെ പഠിക്കുന്ന കുട്ടികളിലും നിന്നാണ് അവർക്ക് ഇത് കിട്ടുന്നത്.മദ്യപാനത്തിൽ അടിമപ്പെട്ടാൽ അതിൽ നിന്നും രക്ഷപെടാൻ സാധാക്കില്ല. അത് നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നു. അത് നമ്മളെ കാർന്നു തിന്നുന്ന ഒരു തരം വിഷമാണ്. മദ്യപാനത്തിൽ അകപെട്ട ഒരാൾ കൂട്ടുകാരിൽനിന്നും മുതിർന്നവരിൽനിന്നും ഒറ്റപെട്ട ലിലയിലേക്ക് മാറുന്നു.പഠിക്കാനുള്ള ശ്രദ്ധ പോകും. അവന്റെ ചിന്ത ലഹരിയിലേക്ക് മാത്രം അയിരിക്കും.അവസാനം അവൻ ഭ്രാന്തനായി മാറും. അപ്പോൾ ആത്മഹത്യ മാത്രമാമണ് ഏകമാർഗ്ഗം എന്ന് തോന്നും. മരണത്തിലേക്ക് വേഗം എത്തിക്കുന്ന ഒരു രോഗമാണ് മദ്യം.അതിനാൽ അതിലേക്ക് നയിക്കുന്നവരിൽന്ന് അകന്ന് ജീവിക്കണം.അതിനാൽ നമ്മൾ മദ്യം ഉപേക്ഷിക്കുകയും ഉപയോഗിക്കിന്നവരെ തിരുത്തുകയും ചെയ്യുണം.അതിനായി നമുക്ക് ഒന്നിച്ച് മുന്നേറാം.

## 10 WARNING SIGNS OF ALCOHOLISM

1. Lying to others
2. Embarrassed about your consumption
3. Drinking to relax yourself
4. Experiencing "blackouts"
5. Not sticking to your own limits
6. Drinking in dangerous situations
7. Lack of responsibility, eg. home and work
8. Unable to quit on your own
9. Needing to drink in the morning
10. Frequent binge drinking



# ചാണക്യൻ



ലോകത്തെ ആദ്യത്തെ സാമ്പത്തിക ശാസ്ത്രഗ്രന്ഥമായി പരിഗണിക്കുന്നത് ചാണക്യന്റെ ആർത്ഥശാസ്ത്രമാണ്. ബി.സി നാലാം നൂറ്റണ്ടിലാണ് ആദ്ദേഹം ജീവിച്ചിരുന്നത്. മൗര്യവംശ സ്ഥാപകനായ ചന്ദ്രഗുപ്തമൗര്യന്റെ ഗുരുവും വിശ്വസ്തനായ സുഹൃത്തും അനുയായിയും ഉപദേഷ്ടാവുമായിരുന്നു ചാണക്യൻ. ചാണക്യൻ നൽകിയ വിലയേറിയ ഉപദേശങ്ങളെ അടിസ്ഥാനമാക്കി സൈനികതന്ത്രം ആവിഷ്ക്കരിച്ചാണ് ചന്ദ്രഗുപ്തമൗര്യൻ തന്റെ സാമ്രാജ്യം സ്ഥാപിച്ചത് എന്നാണ് ചരിത്രം പറയുന്നത്.

**ചാണക്യതന്ത്രം**

അവസാനത്തെ നന്ദരാജാവായിരുന്ന ധനനന്ദന്റെ ദേശദ്രോഹനടപടികൾക്കെതിരായിരുന്ന ചാണക്യനെ നന്ദരാജാവ് നാടുകടത്തി.താൻ നന്ദരാജവംശം ഉന്മൂലനം ചെയ്യുമെന്നും പുതിയ രാജാവിനെ പ്രതിഷ്ഠിക്കുമെന്നും ശപഥാ ചെയ്താണ് ചാണക്യൻ നാടുവിടുന്നത്.
ധനന്ദരാജാവിന് ഒരു ശൂദ്രസ്ത്രീയായ മുരയിൽ ജനിച്ച ചന്ദ്രഗുപതമൗര്യനെയും രാജാവ് തക്ഷശിലയിലേക്ക് നാടുകടത്തി. ഇടയൻമാരോടൊപ്പം ആടുമേയ്ച്ചു നടന്നിരുന്ന ചന്ദ്രഗുപ്തനെ തക്ഷശിലയിൽവച്ച് ചാണക്യൻ കണ്ടുമുട്ടി. ധനനന്ദനോട് പകരം വീട്ടാൻതക്കം പർത്തിരുന്ന ചാണക്യൻ ചന്ദ്രഗുപ്തനെ അതിനുപയോഗപ്പെടുത്താമെന്ന് കണക്ക്കൂട്ടി. വിജ്ഞാനകേന്ദ്രമായ തക്ഷശിലയിൽ സൈനികശാസ്ത്രവും മറ്റും പഠിച്ചു. തുടർന്ന് തന്റെ വിദഗ്ദമായ തന്ത്രങ്ങളിലൂടെ നന്ദരാജാക്കൻമാരെ ഉൻമൂലനം ചെയ്ത് ചാണക്യൻ ചന്ദ്രഗുപ്തനെ മഗദയിലെ രാജാവാക്കി.ചാണക്യൻ ചന്ദ്രഗുപ്തന്റെ പ്രധാനമന്ത്രിയായി എന്നാണ് ചര്ത്രം.പരസ്പരം കലഹിച്ചുംവിദേശാധിനിവേശത്തിൽ തകർന്നും ചിന്നിചിതറികിടന്ന നാട്ടുരാജ്യങ്ങളെ കീഴടക്കാൻ ഒരിമിച്ച് മൗര്യസാമ്രാജ്യത്തിന് അടിത്റ പാകാൻ ചന്ദ്രഗുപ്തന് തുണയായത് ചാണക്യതന്ത്രങ്ങളാണ്.

**അർത്ഥശാസ്ത്രം**

ഭരണം സുഗമമായി നടത്താൻ ഒരു ഭരണാധാകാരിയെ സഹായിക്കുന്ന നിർദേശങ്ങളാണ് അർ ത്ഥശാസ്ത്രത്തിനൽ അടങ്ങിയിരിക്കുന്നത്..രാജാവ് രാജ്യകാര്യങ്ങൾ എങ്ങനെ നോക്കി നടത്തണം എന്ന് അതിൽ വിശിദീകരിക്കുന്നു.രാജാവ് സദാസമയവും ജാഗ്രത പാലിക്കണം.പ്രജകളുടെ സന്തോഷമാണ് ഒരു രാജാവിന്റെ സന്തോഷം.പ്രജകളുടെ ക്ഷേമമാണ് രാജാവിന്റെ ക്ഷേമം.എല്ലാ വിജയങ്ങളുടെയും അടിസ്ഥാനവ്യവസ്ഥ നിയമം,നിഷ്കർഷനിയന്ത്രണം എന്നിവയാണെന്ന് അർ ത്ഥശാസ്ത്രത്തിൽ അദ്ദേഹം ഊന്നിപറയുന്നു.നീതിയാണ് സമൂഹത്തിന്റെ അടിസ്ഥാന ശില. രാഷ്ട്രത്തിന്റെ മുഴുവൻ പ്രവൃത്തനങ്ങളുടെയും പല ഭരണ വകുപ്പുകളായി അദ്ദേഹം തരംതിരിച്ചു.

# ജവഹർലാൽ നെഹ്റു




ഇന്ത്യയുടെ ആദ്യപ്രധാമന്ത്രിയും ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖ്യശില്പിയും, മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ്റാണിയുടെയും മകനായി 1889 നവംബർ 14ന് ജവഹർലാൽ നെഹ്റു ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേക്കു പോയി. പ്രകൃതിശാസ്ത്രത്തിലും ബാരിസ്റ്റർ പരീക്ഷയിലും വിജയിച്ച് 1912ൽ ഇന്ത്യയിൽ മടങ്ങിയെത്തി,അലഹബാദ് ഹൈക്കോടതിയിൽ വക്കീലായി ജീവിതമാരംഭിച്ച അദ്ദേഹം 1912ലെ ബന്ദിപ്പൂർ കോൺഗ്രസ്സ് സമ്മേളനത്തോടെയാണ് ദേശീയപ്രസ്ഥാനത്തിൽ പങ്കാളിയാകുന്നത്. 1916ൽ കമലാ കൗളിനെ വിവാഹം കഴിച്ചു. 1917 നവംബർ 19നാണ് ഇന്ദിരാപ്രിയദർശിനി എന്ന മകൾ ജനിക്കുന്നത്. 1921 മുതൽ 1945 വരെ ആറു തവണ അദ്ദേഹം ജയിൽ വാസമനുഭവിച്ചു. ഇക്കാലത്ത് മകൾ ഇന്ദിരാപ്രയദർശിനിക്കയച്ച കത്തുകളുടെ സമാഹാരമാണ് 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ '1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രയായപ്പോൾ ആദ്യപ്രധാനമന്ത്രിയായി. 1964ൽ മരിക്കുന്നതുവരെ ആ പദവിയിലിരുന്നു. 1964 മെയ് 28ന് ഹൃദയാഘാതത്താൽ അന്തരിച്ചു.



# കുഞ്ഞുണ്ണിക്കവിത

നെല്ല വിതയടാ കോരാ;
എനിക്ക് വയ്യന്റെ അമ്മേ
നെല്ല കോയ്യടാ കോരാ;
എനിക്ക് വയ്യന്റെ അമ്മേ
നെല്ല മെതിയടാ കോരാ;
എനിക്ക് വയ്യന്റെ അമ്മേ
നെല്ല കുത്തടാ കോരാ;
എനിക്ക് വയ്യന്റെ അമ്മേ
നെല്ല വയ്യടാ കോരാ;
എനിക്ക് വയ്യന്റെ അമ്മേ
കഞ്ഞി കുടിയടാ കോരാ;
അങ്ങനെ പറയന്റെ അമ്മേ

Josey jose
10A



# ഞാനും ഉണ്ടാക്കി എൽ ഇ ഡി ബൾബ്

സ്കൂളിൽ സംഘടിപ്പിച്ച L E D ബൾബ് നിർമ്മാണവും ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളും വീടിന്റെ വൈദ്യുത വയറിംഗ് പരിശീലനവും സംബന്ധിച്ചുള്ള ഏകദിന വർക്ഷോപ്പ് വളരെ വിജ്ഞാനപ്രദമായിരുന്നു. കുട്ടികൾക്ക് സ്വന്തമായി L E D ബൾബ് നിർമ്മിക്കാൻ സാധിച്ചു. സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടി പ്രയോജനപ്രദമായിരുന്നു.





## ചക്ക പഴഞ്ചൊല്ലുകൾ

*വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

*ചക്ക അധികം തിന്നാൽ ചുക്കുപയോഗിക്കേണ്ടി വരും.

*ചക്ക തുന്നിച്ചു നോക്കാം, ഉള്ളു തുറന്നു നോക്കാൻ കഴിയു



*ചക്കപ്പഴം മുറിക്കുന്നിടത്ത് ഈച്ച കൂട്ടം.

*ചക്കയ്ക്ക് ചുക്ക്,മാങ്ങയ്ക്ക് തേങ്ങ.

*ചക്കയ്ക്ക് തേങ്ങ കടംകൊണ്ടിട്ടെങ്കിലും കൂട്ടണം.

*ചക്കയല്ലല്ലോ ചൂന്നു നോക്കാൻ

*ഗ്രഹണി പിടിച്ചവർക്ക് ചക്കക്കൂട്ടാൻ കിട്ടിയപോലെ.

# പ്രാർത്ഥനയുടെ ശക്തി

തിബത്തിലുള്ള ഒരു ഗ്രാമം

ഒരിക്കൽ കബിനർസിംഗ് എന്ന യോഗി ആ ഗ്രമത്തിലെത്തി. ഗ്രമീണർക്ക് ആ യോഗിയെ ഇഷ്ടമായില്ല. അവർ അദ്ദേഹത്തെ എങ്ങനെയെങ്കിലും ആ ഗ്രാമത്തിൽനിന്ന് പുറത്താക്കണം എന്ന് ആലോചിച്ചു. അങ്ങനെയൊരിക്കൽ അവർ അദ്ദേഹത്തെ ഓടിച്ച് ഗ്രമത്തിനു പുറത്താക്കി. ആദ്ദേഹം ഓടി ഒരു കാട്ടിനുള്ളിലേക്ക് കയറി. അവിടെ ഒരു ഗുഹകണ്ടു.ആ ഗുഹയിലൊളിച്ച് സിംഗ് തൽക്കാലം രക്ഷപെട്ടു. എന്നൽ കുറച്ച് കഴിഞ്ഞപ്പൾ അദ്ദേഹം ഗുഹയ്ക്കകത്ത് മുറിവ്പറ്റിയ ഒരു സിംഹത്തെ കണ്ടു. സിംഗിന് അത് കണ്ട് സിംഹതോട് അലിവ്തോന്നി. അദ്ദേഹം ആ സിംഹത്തിന്റെ മറിവ് കാട്ടിലെ പച്ചമരുന്നുകൊണ്ടും ഔഷധം കൊണ്ടും വച്ച് കെട്ടി. സിംഗ് അവിടെനിന്നുപോയി വഴിക്കു വച്ച് ശത്രുക്കളെകണ്ടു. അവർ അവനെ പിടിച്ചുകൊണ്ടുപോയി രാജവിന്റെ അടുക്കൽ കൊണ്ടുവന്നു. സിംഗ് തന്റെ ആത്മാവിനെ ദൈവത്തിന് സമർപ്പിച്ചുകൊണ്ട് പ്രർത്ഥിച്ചു. രാജവ് കൽപ്പിച്ചു"അവനെ ഒരു വലിയ മൈതാനത്തിന്റെ നടുവിൽ നിർത്തു".രണ്ടു ദിവസം പട്ടിണികിടന്നിരുന്ന ഒരു സിംഹത്തെ തടവറയിലടച്ചിരുന്നു. രാജവ്പറഞ്ഞു "തടവറ തുറക്കുവിൻ "തടവറ തുറന്നതും സിംഹം ഓടി സംഗിനടുത്തേക്ക് പാഞ്ഞുചെന്നു. സിംഗ് അപ്പോഴും പ്രർത്തിച്ചുകൊണ്ടിരുന്നു. പെട്ടന്ന് ഒടിവന്ന സിംഹം കബിർ സിംഗിന്റെ കാൽച്ചുവട്ടിൽ വന്നുകിടന്നു. കബിർ സിംഗ് അമ്പരന്നു. സിംഗ് സൂക്ഷിച്ചു നോക്കി. താൻ രണ്ടു ദിവസംമുൻമ്പ് ഗുഹയിൽവച്ചു കണ്ട സിംഹം. ആ സിംഹത്തിന്റെ മുറിവ് അപ്പോഴേയ്ക്കും ഉണങ്ങിയിരുന്നു. സിംഗം അതിനെ തലോടി. രാജാവും ഭടന്മാരും ഇതുകണ്ട് ഭയന്ന് സിംഗിനെ വെറുതെവിട്ടു. തന്റെ പ്രാർത്ഥനയ്ക്ക് ദൈവം തക്കസമയത്ത് മറുപടിനൽകി യിരിക്കുന്നുവെന്ന് കബിർ സിംഗ് തിരിച്ചറിഞ്ഞു.

# CONSERVE NATURAL RESOURCES,LIVE BRIGHTLY




We have limited resources. But people are over using them for certain activities. But we should our resources like water,soil etc. For a safe future. Today pollution is affecting the whole nature. Factories are littering waste to air and water. So it gets polluted and people are suffering from many diseases. This will harm not only the affected area but the whole world will suffer by this kind of environmental hazards. So we should protect our resources by protecting our environment.

***Water conservation**

Water is a limited resources. People know it even though they are wasting it for unwanted purposes. So we should conserve water by stopping the littering of waste and other chemicals to it.

* **Conservation of soil**

Soil is the another resource affected by the unscientific activities of man. Soil looses its properties by deforestation and other activities So we should conserve it by planting trees and stopping mining activities.

* **Conservation of air**Air gets polluted by different ways. Factories are main among them. It cause problems in the air and all plants and animals have difficulty in respiration. We can protect air by reducing the liberation of dangerous gaseous from factories. ***Our resources are limited, it is our duty to protect and conserve it.***

# ഒ.എൻ.വി കുറുപ്പ്



മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ്. ഒ.എൻ.വി എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർ മാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു. കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ. എൻ. കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 ജനിച്ചു. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയമകനാണ് ഒ.എൻ.വി എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരൻ എന്നായിരുന്നു ആദ്യത്തെ പേര്. അപ്പു ഓമനപ്പേരും. സ്കൂളിൽ ചേർത്തപ്പോൾ മുത്തച്ഛനായ തേവാടി വേലുക്കുറുപ്പിന്റെ പേരാണ് നൽകിയത്. അങ്ങനെ അച്ഛന്റെ ഇൻഷ്യലും മുത്തച്ഛന്റെ പേരും ചേർന്ന് പരമേശ്വരൻ എന്ന അപ്പു സ്കൂളിൽ ഒ.എൻ.വേലുക്കുറുപ്പും സഹൃദയർക്ക് പ്രിയങ്കരനായ ഒ.എൻ.വിയുമായി. പ്രാഥമിക വിദ്യാഭ്യാസം കൊല്ലത്ത്. ശങ്കരമംഗലം ഹൈസ്കൂളിൽ തുടർ വിദ്യാഭ്യാസം. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. 1989-ൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതു സ്വതന്ത്രനായി തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25

വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ. വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-ന് ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം , കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു . ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട് . യു.കെ., കിഴക്കൻ യൂറോപ്പ് , യുഗോസ്ളോവ്യ , സോവിയറ്റ് യൂണിയൻ, അമേരിക്ക, ജർമ്മനി, സിംഗപ്പൂർ , മാസിഡോണിയ, ഗൾഫ് രാജ്യങ്ങൾ എന്നീ വിദേശ രാജ്യങ്ങളിൽ ഒ.എൻ.വി സന്ദർശനം നടത്തിയിട്ടുണ്ട് . വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. ആദ്യം ബാലമുരളി എന്ന പേരിൽ പാട്ടെഴുത്തുടങ്ങിയതെങ്കിലും ഗുരുവായൂരപ്പൻ എന്ന ചലച്ചിത്രം മുതലാണ് ഒ.എൻ.വി എന്ന പേരിൽതന്നെ ഗാനങ്ങൾ എഴുതിയത്. ആറു പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്







## പാഥേയം

ഒ എൻ വി

വേർപിരിയുവാൻ മാത്രമൊന്നിച്ചുകൂടി നാം
വേദനകൾ പങ്കുവയ്ക്കുന്നു!
കരളിലെഴുമീണങ്ങൾ ചുണ്ടു നുണയുന്നു;
കവിതയുടെ ലഹരി നുകരുന്നു!
കൊച്ചുസുഖദുഃഖമഞ്ചാടിമണികൾ ചേർത്തു-
വച്ചു പല്ലാങ്കുഴി കളിക്കുന്നു,
വിരിയുന്നു കൊഴിയുന്നു യാമങ്ങൾ;-
നമ്മളും പിരിയുന്നു യാത്ര തുടർന്നു!
മായുന്ന സന്ധ്യകൾ മടങ്ങിവരുമോ?-പാടി-
മറയുന്ന പക്ഷികൾ മടങ്ങിവരുമോ?
എങ്കിലും സന്ധ്യയുടെ കൈയിലെ സ്വർണവും
പൈങ്കിളിക്കൊക്കിൽ കിനിഞ്ഞ തേൻതുള്ളിയും
പൂക്കൾ നെടുവീർപ്പിടും ഗന്ധങ്ങളും മൌന-
പാത്രങ്ങളിൽ കാത്തുവച്ച മാധുര്യവും
മാറാപ്പിലുണ്ടെൻറെ മാറാപ്പിലു,ണ്ടതും
പേറി ഞാൻ യാത്ര തുടരുന്നു!
മുറതെറ്റിയെത്തുന്ന ശിശിരം!
വിറകൊൾവൂ തരുനഗ്നശിഖരം!
ഒരു നെരിപ്പോടിൻറെ ചുടുകല്ലുകൾക്കിടയിൽ
എരിയുന്ന കനലുകൾ കെടുന്നു.
വഴിവക്കിൽ നിന്നേറിവന്ന വിറകിൻകൊള്ളി
മുഴുവനുമെരിഞ്ഞു തീരുന്നു.
ഒടുവിലെൻ ഭാണ്ഡത്തിൽ ഭദ്രമായ് സൂക്ഷിച്ച
തുടുചന്ദനത്തുണ്ടു വിറകും
അന്ത്യമായ് കണ്ണുചിമ്മുമഗ്നിക്കു നൽകി ഞാൻ
ഒന്നതിൻ ചൂടേറ്റു വാങ്ങി.
പാടുന്നു നീണ്ടൊരീ യാത്രയിൽ തളരുമെൻ
പാഥേയമാകുമൊരു ഗാനം!
ഒരു കപടഭിക്ഷുവായ് ഒടുവിലെൻ ജീവനെയും
ഒരു നാൾ കവർന്നു പറന്നുപോവാൻ
നിഴലായി നിദ്രയായ് പിന്തുടർന്നെത്തുന്ന
മരണമേ!നീ മാറി നിൽക്കൂ!
അതിനുമുൻപതിനുമുൻപൊന്നു ഞാൻ പാടട്ടെ
അതിലെൻറെ ജീവനുരുകട്ടെ!
അതിലെൻറെ മണ്ണ് കുതിരട്ടേ,പിളർക്കട്ടേ,



# കുമാരനാശാൻ - വസന്തത്തെ സ്നേഹിച്ച കവി





1873 ഏപ്രിൽ 12 ന് ചിറയിൻകീഴ് താലൂക്കിലെ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിൽ കുമാരനാശാൻ ജനിച്ചു. അച്ഛൻ നാരായണൻ പെരുങ്ങാടി മലയാളത്തിലും തമിഴിലും നിപുണനായിരുന്നു. കുമാരുവിന്റെ അച്ഛൻ ഈഴവസമുദായത്തിലെ ഒരു മാന്യവ്യക്തിയായിരുന്നു. പ്രധാന തൊഴിൽ കച്ചവടമായിരുന്നെങ്കിലും അദ്ദേഹം നാട്ടുകാര്യങ്ങളിലും ശ്രദ്ധ പതിപ്പിക്കുകയും മലയാളത്തിൽ കീർത്തനങ്ങൾ രചിക്കുകയും അവ മനോഹരമായി ചൊല്ലുകയും ചെയ്യുമായിരുന്നു. അമ്മ കാളിയമ്മ തികഞ്ഞ ഒരു ഈശ്വരഭക്തയായ കുടുംബിനിയായിരുന്നു. പുരാണേതിഹാസങ്ങളിലൊക്കെ അവർക്ക് തികഞ്ഞ അവഗാഹമുണ്ടായിരുന്നു. വല്ലാത്ത കുസൃതിയായിരുന്നു കുമാരു. കുമാരുവിനെ അടക്കി നിർത്താൻ അമ്മയുടെ പൊടിക്കൈയായിരുന്നു പുരാണകഥപറയൽ. അച്ഛൻ പാടുന്ന കീർത്തനങ്ങൾ കേട്ട് കുമാരു ലയിച്ചിരിക്കുമായിരുന്നു. അച്ഛനെഴുതുന്ന കവിതകൾ പോലെ താനും വലുതാകുമ്പോൾ എഴുതുമെന്ന് കൊച്ചുകുമാരു പറയുമായിരുന്നു. ഒമ്പതു മക്കളുള്ള കുടുംബത്തിലെ രണ്ടാമത്തെ മകനായിരുന്നു കുമാരനാശാൻ. ആശാന് കഥകളിയിലും ശാസ്ത്രീയ സംഗീതത്തിലും ഉള്ള താല്പര്യം അച്ഛനിൽ നിന്നു ലഭിച്ചു. കുമാരുവിനു ബാല്ല്യകാലത്ത് പലവിധ അസുഖങ്ങൾ വന്ന് പലപ്പോഴും കിടപ്പിലാവുക പതിവായിരുന്നു. കുമാരന്റെ പതിനെട്ടാമത്തെ വയസ്സിൽ അസുഖം ബാധിച്ച് കിടപ്പിലായിരുന്ന അവസരത്തിൽ ശ്രീനാരായണഗുരു ആ വീട്ടിൽ വരുകയും കുമാരുവിനെ കൂട്ടിക്കൊണ്ട് പോവുകയും ചെയ്തു. ഗോവിന്ദനാശാന്റെ കീഴിൽ യോഗയും താന്ത്രികവും അഭ്യസിച്ച് വക്കത്തുള്ള ഒരു മുരുകൻ ക്ഷേത്രത്തിൽ കഴിയുമ്പോൾ മുതൽ കുമാരുവിന് കവിതയെഴുത്ത് ഒരു കമ്പമായി രൂപപ്പെട്ടിരുന്നു. അന്നത്തെ പതിവനുസരിച്ച് 7 വയസ്സായപ്പോൾ കുമാരുവിനെ കുടിപ്പള്ളിക്കൂടത്തിൽ ചേർത്തു. പ്രഥമഗുരു തുണ്ടത്തിൽ പെരുമാളാശാനായിരുന്നു. സമർത്ഥനായ കുമാരു വേഗംതന്നെ എഴുത്തും കണക്കും പഠിച്ചു. എട്ടു വയസ്സായപ്പോൾ സംസ്കൃത പഠനം ആരംഭിച്ചു. ഇതിനിടയിൽ കുമാരുവിന്റെ അച്ഛന്റെയും മറ്റും പ്രയത്നത്താൽ അവിടെയൊരു പ്രൈമറിസ്കൂൾ സ്ഥാപിതമായി. പതിനൊന്നാമത്തെ വയസ്സിൽ ആ സ്കൂളിൽ രണ്ടാം ക്ലാസ്സിൽ ചേർന്നു. പതിനാലാമത്തെ വയസ്സിൽ പ്രശസ്തമായ രീതിയിൽ സ്കൂൾ പരീക്ഷ പാസ്സായി.

കുറച്ചുകാലം പഠിച്ച സ്കൂളിൽ തന്നെ അദ്ധ്യാപകനായി ജോലി നോക്കി. സർക്കാർ നിയമപ്രകാരം അത്ര ചെറുപ്രായത്തിലുള്ളവരെ അദ്ധ്യാപകരായി നിയമിക്കാൻ വകുപ്പില്ലായിരുന്നതിനാൽ ആ ജോലി സ്ഥിരപ്പെട്ടു കിട്ടിയില്ല. അദ്ധ്യാപക ജോലി അവസാനിപ്പിച്ച് ചില സ്നേഹിതന്മാരോടൊപ്പം കൂടി സ്വയം ഇംഗ്ലീഷ് പഠിക്കാൻ ആരംഭിച്ചു. കുമാരു കിട്ടുന്ന പുസ്തകങ്ങളെല്ലാം ആർത്തിയോടെ വായിച്ചു തീർക്കുമായിരുന്നു. കുമാരുവിനെ കൂടുതൽ പഠിപ്പിക്കണമെന്ന് അച്ഛന് ആഗ്രഹമുണ്ടായിരുന്നെങ്കിലും വലിയ തുക കൊടുത്ത് പഠിപ്പിക്കാൻ അന്നത്തെ സാമ്പത്തിക ചുറ്റുപാട് അനുവദിച്ചിരുന്നില്ല. വെറുതെ ഇരുത്തേണ്ടെന്ന് കരുതി അച്ഛൻ മകന് കൊച്ചാര്യൻ വൈദ്യർ എന്നൊരാളിന്റെ കടയിൽ കണക്കെഴുത്ത് ജോലി സംഘടിപ്പിച്ചു കൊടുത്തു. മുഷിഞ്ഞ ആ ജോലി ഉപേക്ഷിച്ച് കുമാരു വീട്ടിൽ നിന്നിറങ്ങിപ്പോയി വല്യച്ഛന്റെ വീട്ടിൽ താമസിച്ചു. കണക്കെഴുത്തു ജോലിയിൽ ഏർപ്പെട്ടിരുന്ന നേരത്തു തന്നെ കുമാരു കവിതയെഴുതാൻ തുടങ്ങിയിരുന്നു. പരവൂരിലെ കേശവനാശാൻ പ്രസിദ്ധീകരിച്ചിരുന്ന സുജനാനന്ദിനി എന്ന മാസികയിൽ കുമാരന്റെ രചനകൾ കുമാരു, എൻ. കുമാരൻ, കായിക്കര എൻ. കുമാരൻ എന്നീ പേരുകളിലൊക്കെ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങി. തന്റെ കണക്കെഴുത്തുകാരന്റെ ജ്ഞാനതൃഷ്ണ മനസ്സിലാക്കിയിരുന്ന കൊച്ചാര്യൻ വൈദ്യർ അവനെ തുടർന്ന് പഠിപ്പിക്കണമെന്ന് കുമാരുവിന്റെ അച്ഛനോട് നിർബന്ധമായി പറഞ്ഞു. മണമ്പൂർ ഗോവിന്ദനാശാൻ എന്ന പ്രമുഖ പണ്ഡിതന്റെ വിജ്ഞാനസന്ദായിനി എന്ന പാഠശാലയിൽ കുമാരുവിനെ ചേർത്തു. പാട്ടുകളും ശ്ലോകങ്ങളും എഴുതുന്ന കാര്യത്തിൽ അന്ന് കുമാരുവിനെ വെല്ലാൻ അവിടെയാരുമില്ലായിരുന്നു. അവിടെ പഠിച്ചിരുന്ന കാലത്ത് രചിച്ച കൃതികളാണ് വള്ളീ വിവാഹം, അമ്മാനപ്പാട്ട്, ഉഷാകല്യാണം എന്നിവ. ശ്രീനാരായണഗുരുവുമായി പരിചയപ്പെട്ടത് ആശാന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ഒരിക്കൽ കുമാരൻ സുഖമില്ലാതെ കിടന്ന അവസരത്തിൽ അച്ഛൻ ശ്രീനാരായണഗുരുവിനെ അവരുടെ വീട്ടിൽ വിളിച്ചു കൊണ്ടുവന്നു. ആദ്യ കാഴ്ചയിൽ തന്നെ ആ മഹായോഗിയും കുമാരുവും വ്യാഖ്യാനിക്കാൻ കഴിയാത്തൊരു ആത്മീയബന്ധത്താൽ ആകൃഷ്ടരായി. കുമാരുവിന്റെ സ്തോത്രകവിതകൾ ഗുരുവിനെ അത്യധികം ആകർഷിച്ചു. ശൃംഗാരകവിതകളുടെ രചനകളിൽ ഇനി മുഴുകരുതെന്ന് ഗുരു കുമാരുവിനെ ഉപദേശിച്ചു. ജീവിതകാലം മുഴുവൻ നീണ്ടുനിന്നൊരു സുദൃഢമായ ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. ശ്രീനാരായണഗുരുവിന്റെ ആത്മീയചൈതന്യം കുമാരുവിനെ ക്രമേണ യോഗിയും വേദാന്തിയുമാക്കി. ഉദ്ദേശം ഇരുപത് വയസ്സ് പ്രായമായപ്പോൾ കുമാരു വക്കം സുബ്രഹ്മണ്യക്ഷേത്രത്തിൽ ചെന്ന് അന്തേവാസിയായി മതഗ്രന്ഥ പാരായണത്തിലും, യോഗാസനത്തിലും ധ്യാനത്തിലും മുഴുകി. അക്കാലത്ത് അദ്ദേഹം ക്ഷേത്രപരിസരത്ത് ഒരു സംസ്കൃതപാഠശാല ആരംഭിച്ചു. സംസ്കൃതം പഠിപ്പിച്ചു തുടങ്ങിയതോടെ നാട്ടുകാർ അദ്ദേഹത്തെ കുമാരനാശാൻ എന്ന് വിളിച്ചു തുടങ്ങി. അല്പകാലം അവിടെ കഴിഞ്ഞശേഷം കുമാരനാശാൻ

നാടുവിട്ട് ഏകനായി കുറ്റാലത്തെത്തി. അവിടെ വച്ച് മലമ്പനി ബാധിച്ചു. ഈ യാത്രയുടെ അവസാനം അരുവിപ്പുറത്തായിരുന്നു. ഇക്കാലത്ത് ആശാൻ ആശ്രമവാസികൾക്ക് വേണ്ടി രചിച്ച കീർത്തനമാണ് ശാങ്കരശതകം. ശ്രീനാരായണഗുരുദേവൻ തന്നെ ശിഷ്യനെ ഉപരിപഠനത്തിനയക്കാൻ തീരുമാനിച്ചു. അതിനായി ബാംഗളൂരിൽ ജോലി നോക്കിയിരുന്ന ഡോ. പല്പുവിനെ ചുമതലപ്പെടുത്തി.

ഡോ.പല്പുവിന്റെ കുടുംബാന്തരീക്ഷവും ബാംഗ്ലൂരിലെ ജീവിതവും ആശാന്റെ പ്രതിഭയെ കൂടുതൽ പ്രോജ്ജ്വലമാക്കിത്തീർക്കുന്നതിൽ വലിയൊരു പങ്കുവഹിച്ചു. അക്കാലത്ത് ഡോ.പല്പു കുമാരനാശാനൊരു പേരു നല്കി. ചിന്നസ്വാമി. ന്യായവിദ്വാൻ എന്ന തർക്കശാസ്ത്രപരീക്ഷയിൽ ഉന്നതവിജയം കൈവരിച്ചു സ്കോളർഷിപ്പിനർഹനായി മൂന്നുവർഷത്തോളം അദ്ദേഹം ബാംഗളൂരിൽ പഠിച്ചു. തുടർന്ന് ഡോ.പല്പുവിന്റെ പരിശ്രമഫലമായി ആശാന് 1898 ൽ കൽക്കത്തയിലെ സംസ്കൃത കോളേജിൽ പ്രവേശനം ലഭിച്ചു. 25 മുതൽ 27 വയസ്സുവരെ കൽക്കത്തയിൽ അദ്ദേഹം പഠിച്ചു. ന്യായശാസ്ത്രം, ദർശനം, വ്യാകരണം, കാവ്യം എന്നിവയും അതിനു പുറമേ ഇംഗ്ലീഷും അദ്ദേഹം ഇക്കാലത്ത് അഭ്യസിച്ചു. ഡോ.പല്പുവാണ് ആശാന്റെ വിദ്യാഭ്യാസത്തിനു വേണ്ട സഹായങ്ങളെല്ലാം ചെയ്തത്. കൽക്കത്തയിലെ ജീവിതകാലത്തിലെ ഭൂരിഭാഗവും പഠനത്തിനും ഗ്രന്ഥപാരായണത്തിനുമായി ആശാൻ ചെലവഴിച്ചു. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെയും മറ്റും കൃതികൾ പുതിയൊരു ഓജസ്സുപരത്തുന്ന ബംഗാളിസാഹിത്യത്തിന്റെ നവോത്ഥാനകാലഘട്ടത്തിലായിരുന്നു ആശാൻ കൽക്കത്തയിലെത്തിയത്. ഈ കാവ്യാന്തരീക്ഷവും പുതിയ ചിന്താഗതിയും ആശാനിലെ കവിയെ സ്വാധീനിച്ചിട്ടുണ്ടാകും. ശ്രീനാരായണഗുരുദേവന്റെ ആജ്ഞാനുസാരം കൽക്കത്തയിലെ വിദ്യാഭ്യാസം അവസാനിപ്പിച്ച് കുമാരനാശാൻ അരുവിപ്പുറത്ത് മടങ്ങിയെത്തി. അരുവിപ്പുറത്തെ താമസത്തിനിടയ്ക്ക് അദ്ദേഹം മൃത്യുഞ്ജയം,വിചിത്രവിജയം തുടങ്ങിയ നാടകങ്ങളും, ശിവസ്തോത്രമാല തുടങ്ങിയ കവിതകളും രചിച്ചു. നന്നായില്ലെന്ന കാരണത്താൽ വിചിത്രവിജയം പ്രസിദ്ധീകരിച്ചില്ല. മൂന്നു വർഷത്തോളം ആശാൻ അരുവിപ്പുറത്തെ ആശ്രമത്തിൽ കഴിഞ്ഞു. അപ്പോഴേക്കും അദ്ദേഹത്തിന് 30 വയസ്സായിരുന്നു. ഈ കാലഘട്ടത്തിലാണ് മറ്റൊരു സംഭവം നടന്നത്. ശ്രീനാരായണഗുരുവും ഡോ.പല്പുവും മുൻകൈയ്യെടുത്ത് 1903 ജൂൺ 4 ന് എസ്.എൻ.ഡി.പി. യോഗം സ്ഥാപിതമായി. യോഗത്തിന്റെ സംഘടനാപരമായ ചുമതലകൾ അർപ്പിക്കാൻ ശ്രീനാരായണഗുരു തിരഞ്ഞെടുത്തത് പ്രിയ ശിഷ്യനായ കുമാരനാശാനെ ആയിരുന്നു. അങ്ങനെ 1903 ൽ കുമാരനാശാൻ ആദ്യ യോഗം സെക്രട്ടറിയായി. ഏതാണ്ട് 16 വർഷക്കാലം അദ്ദേഹം ആ ചുമതല വഹിച്ചു. 1904 ൽ അദ്ദേഹം എസ്.എൻ.ഡി.പി യോഗത്തിന്റെ മുഖപത്രമായി വിവേകോദയം മാസിക ആരംഭിച്ചു.




# പരാജയങ്ങളിൽ ചവിട്ടി ഉയരുക

(കഥ)

ഒരിടത്തൊരു കഴുതയുണ്ടായിരുന്നു.യജമാന്റെ ഏക ആശ്രയമാണീ കഴുത.അതുകൊണ്ടു തന്നെ കഴുതയ്ക്ക് അൽപം പ്രായം ചെന്നിരുന്നെങ്കില്ലും അതിനെ വിൽക്കാതെ സൂക്ഷിച്ചുപോന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം കഴുത അബദ്ധത്തിൽ യജമാനന്റെ വീടിനടുത്തുള്ള ഒരു പൊട്ട കിണറ്റിൽ വീണു...! കഴുതയുടെ കരച്ചിൽ കേട്ടെത്തിയ യജമാനൻ കഴുതയെ രക്ഷിക്കാനുള്ള വഴികൾ തിരഞ്ഞു.പക്ഷെ വളരെയധികം ആഴമുണ്ടായിരുന്ന ആ കിണറ്റിൽ നിന്നും കഴുതയെ രക്ഷിക്കാൻ അത്ര എളുപ്പമായിരുന്നില്ല.

കുറച്ചു കഴിഞ്ഞപ്പോൾ അയാൾക്കൊരു തോന്നലുണ്ടായി ഇത്രയും ബുദ്ധിമുട്ടി പ്രായമേറിയ ഈ കഴുതയെ രക്ഷപ്പെടുത്തിയാൽ തനിക്കു ഗുണമൊന്നുമുണ്ടാവില്ല,നഷ്ടം മാത്രമായിരക്കും ഫലം.മാത്രല്ല ഈ കിണറും ഉപയോഗശൂന്യമാണ്.അതുകൊണ്ട് കഴുത വീണു കിടക്കുന്ന കിണർ മൂടുവാൻ തന്നെ യജമാനൻ തീരുമാനിച്ചു.ഉടൻതന്നെ അയാൾ അടുത്തുള്ളവരെ വിളിച്ചു വരുത്തി മണ്ണിട്ട് മൂടുവാൻ ആരംഭിച്ചു.കിണറ്റിലേക്ക് മണ്ണുവീഴാൻ തുടങ്ങിയതോടെ കഴുതയ്ക്ക് മനസ്സിലായി തന്നെ യജമാനൻ മണ്ണിട്ട് മൂടാൻ പോവുകയാണെന്ന്.അതോടെ കഴുത അത്യുച്ചത്തിൽ നിലവിളിക്കാൻ ആരംഭിച്ചു.പക്ഷെ കുറച്ചു കഴിഞ്ഞപ്പോൾ അതിന്റെ കരച്ചിൽ കേൾക്കാതായി.കിണർ മൂടിത്തീരാറായിരിക്കുന്നു,യജമാനനും സഹായികൾക്കും വിശ്വസിക്കാനായില്ല,ഞങ്ങൾ മണ്ണിട്ടു മൂടിയ കഴുത യാതൊരു പരുക്കുകളുമില്ലാതെ ഇതാ മുന്നിൽ നിൽക്കുന്നു.കിണറ്റിൽ മണ്ണു വീണപ്പോൾ ആദ്യം കഴുത നിലവിളിച്ചു.പക്ഷെ പിന്നീട് അവൻ വീണ്ണ മണ്ണിന്റെ മേലെ ചവിട്ടി മുകളിലെത്തി.

നമമുടെയെല്ലാം ജീവിതവും ഇങ്ങനെ തന്നെയാണ് പ്രതികുല സാഹചര്യങ്ങളും കഷ്ടപ്പാടുകളും നമ്മുടെ നേരെ മണ്ണു വാരിയെറിഞ്ഞുകൊണ്ടിരിക്കും എന്നാൽ ഓരോ പരാജയത്തിലുമുണ്ടാവും മുന്നോട്ടു പിടിച്ചു കയറാനുള്ള ഒരു പടി അവ നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് നമ്മുടെ വിജയത്തെ തീരുമാനിക്കുന്നത്.



# താരകം

മാനത്തുമിന്നുന്ന താരകമേ

താഴത്തുവന്നൊന്നു മിന്നാമോ

ആകാശക്കൽപ്പടവുകൽ ഇറങ്ങി

താഴത്തുവന്നൊന്നു മിന്നാമോ?

പൊന്നുമിന്നാമിനുങ്ങിനെ പോലെ

ഇത്തിരി ഒത്തിരി വിസ്മയമായ്

എല്ലാവർക്കും പുതുകൗതുകമായി

താഴത്തു വന്നൊന്ന് മിന്നാമോ?


മാനത്തു മിന്നുന്ന പൊൻതാരങ്ങളെ

താഴത്തു വന്നൊന്നു മിന്നാമോ?

താഴത്തു വന്നൊന്നു മിന്നാമോ?





# വികൃതിയായ ആനക്കുട്ടൻ




ഒരിക്കൽ കുന്നക്കുരു കാട്ടിൽ ഒരു വികൃതിയായ ആനക്കുട്ടൻ ഉണ്ടായിരുന്നു. അവൻ എല്ലാവരേയും ഉപദ്രവിച്ചിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കിങ്ങിണി കുരുവി അതുവഴി പറന്നു പോകുന്നത് ആന ക്കുട്ടൻ കണ്ടു. അവൾ എങ്ങോട്ടാണ് പറന്ന് പോകുന്ന തെന്ന് അവൻ ശ്രദ്ധിച്ചു. കിങ്ങിണി കുരുവി ഒരു തേക്കു മരത്തിന്റെ ചില്ലയിൽ ചെന്നിരുന്നു. എന്നിട്ട് അവൾ തന്റെ കുഞ്ഞിന് തീറ്റ കൊടുക്കാൻ തുടങ്ങു. ഇത് കണ്ടു നിന്ന ആനക്കുട്ടൻ ആ മരക്കൊമ്പ് പിടിച്ചുകുലുക്കി. അപ്പോൾ കുഞ്ഞിക്കുരുവിയും കുഞ്ഞും താമസിച്ചിരുന്ന കിളിക്കൂട് താഴേക്ക് വീണു. ഒപ്പം കുഞ്ഞിക്കുരുവിയും. ഇതുകണ്ട ആ അമ്മക്കിളിയുടെ നെഞ്ച് നീറി. അവൾ വേഗം തന്റെ കുഞ്ഞിന്റെ അരികിലെത്തി. നോക്കിയപ്പോൾ കുഞ്ഞിക്കിളിുടെ കാലിൽ നിന്ന് രക്തം വാർന്നൊലിക്കുന്നു. ഇതു കണ്ട കുരങ്ങമ്മാവൻ ആനക്കുട്ടിക്കൊരു പണി കൊടുക്കണമെന്ന് മനസ്സിൽക്കരുതി. എന്നിട്ട് വേഗം ഒരു മരച്ചില്ലയിൽ കയറിനിന്നുകൊണ്ട് ആനക്കുട്ടിയെ കളിയാക്കിച്ചിരിച്ചു. ആ മരത്തിൽ നിറയെ ഉറുമ്പുകളുണ്ടായിരുന്നു. തന്നെ കളിയാക്കി ചിരിക്കുന്ന കുരങ്ങമ്മാവനെ വെറുതെ വിടാൻ പറ്റില്ലെന്ന് ആനക്കുട്ടന് തോന്നി. അതിലേറേ ദേഷ്യം വരുകയും ചെയ്തു.

അവൻ ഓടാകുരങ്ങമ്മാവൻ ഇരിക്കുന്ന മരത്തിനു ചുവട്ടിലെത്തി. ഇതുകണ്ട കുരങ്ങമ്മാവൻ അങ്ങോട്ടും ഇങ്ങോട്ടും നാലു ചാട്ടം. അപ്പോൾ മരത്തിലെ ഉറുമ്പുകളെല്ലാം താഴെ നിൽക്കുന്ന ആനക്കുട്ടന്റെ ദേഹത്തു വീണു. ആനക്കുട്ടന്റെ തലയിലും ദേഹത്തുമെല്ലാം ഉറുമ്പുകൾ കൂട്ടത്തോടെ കടിച്ചു. പാവം ആനക്കുട്ടൻ ഒരു കുളത്തിൽ ചെന്ന് ചാടി. അപ്പോൾ ഉറുമ്പുകളെല്ലാം പിടിവിട്ടു. അതോടെ ആനക്കുട്ടൻ തന്റെ തെറ്റു മനസ്സിലാക്കി തിരിച്ചുവന്ന് അമ്മക്കുരുവിയോടും കുഞ്ഞിക്കുരുവിയോടും മാപ്പു പറഞ്ഞു.





# ഹരിശ്ചന്ദ്ര.



ഹിന്ദു പുരാണങ്ങളിലെ ഒരു രാജാവായിരുന്നു **ഹരിശ്ചന്ദ്ര**. തന്റെ ആദർശപൂർണ്ണമായ ജീവിതത്തിനു പേരു കേട്ടയാളാണ് ഹരിശ്ചന്ദ്ര. സൂര്യവംശത്തിലെ 28 മാത്തെ രാജാവായിരുന്നു അദ്ദേഹം. വളരെ ഭക്തിയുള്ളതും ന്യായത്തിനു വേണ്ടി നിലകൊണ്ട അദ്ദേഹത്തിന്റെ രണ്ട് കഴിവുകൾക്ക് വളരെ പ്രസിദ്ധനായിരുന്നു. ഒന്ന് അദ്ദേഹം താൻ കൊടുത്ത വാക്കിൽ നിന്ന് ഒരിക്കലും വ്യതിചലിച്ചില്ല എന്നുള്ളതും, രണ്ടാമത് അദ്ദേഹം ഒരിക്കലും ജീവിതത്തിൽ നുണ പറഞ്ഞിട്ടില്ല എന്നതും. തന്റെ ഈ രണ്ട് കഴിവുകളിലും ജീവിതത്തിൽ പലതവണ പരീക്ഷണങ്ങൾ അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്.

സൂര്യ വംശത്തിലെ ഒരു രാജാവ്. ത്രിശങ്കുവിന്റെ പുത്രനാണ് ഇദ്ദേഹം. സത്യ പാലനത്തിനുവേണ്ടി ഹരിശ്ചന്ദ്രൻ രാജ്യം മുഴുവൻ വിശ്വാമിത്രന് ദാനം ചെയ്തു. അതുകൊണ്ട് മതിയാകാഞ്ഞ് ധർമ്മപത്നിയായ ചന്ദ്രമതിയേയും പുത്രനായ ലോഹിതാശ്വനെയും ഒടുവിൽ തന്നെതന്നെയും വിറ്റുകിട്ടിയ പണം കൊണ്ട് വിശ്വാമിത്രന്റെ കടമ വീട്ടി. ഒരു ചണ്ഡാലദാസനായ ചുടലക്കളം കാത്ത് ശവദാഹക്കൂലി വാങ്ങി കാലക്ഷേപവും കഴിച്ചുപോന്നു. ഒടുവിൽ ത്രിമൂർത്തികൾ പ്രത്യക്ഷരായി ഇഷ്ടവരങ്ങളും സ്ഥാനമാനങ്ങളും അദ്ദേഹത്തിനു നൽകി.പ്രാചീനഭാരതത്തിലെ ഏറ്റവും ദയാലുവായ രാജാവ്. ഇദ്ദേഹത്തിന്റെ ദയാവായ്പ് പ്രസിദ്ധമാണ്. എല്ലാദിവസവും കൊട്ടാരത്തിൽ വരുന്ന അതിഥികൾക്ക് ആഹാരം പാകം ചെയ്തുകൊടുക്കുന്നതിന് നൂറു കണക്കിന് ജോലിക്കാരുണ്ടായിരുന്നു. രാത്രിയും പകലും ഒരുപോലെ അദ്ദേഹം അതിഥിസൽക്കാരം നടത്തി. ദാനധർമ്മത്തിലും ഇദ്ദേഹം മുൻപിലായിരുന്നു. ധർമധാനമായിരുന്നു ശത്രുക്കൾക്കെതികരയുള്ള ആയുധം.



നന്ദിയുടെ ഒരു വാക്ക് ......തുണയും

പ്രോത്സാഹനവുമായി കൂടെ നിന്ന

അദ്ധ്യാപകർക്ക്......

പ്രത്യേകിച്ച് ഹെഡ്മിസ്ട്രസ്സ്

ലില്ലിക്കുട്ടി മാത്യു ടീച്ചറിന്.....കൂട്ടുകാർക്ക്....

ലിറ്റിൽ കൈറ്റിന്റെ അംഗങ്ങൾക്ക്

....എല്ലാവർക്കും......